# ബഥേൽപത്രിക

വാല്യം 8 ജൂലൈ 1995 ലക്കം 7

അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും. (സങ്കീർ. 112:2)



ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽ നിന്ന് പ്രസിദ്ധപ്പെടുത്തുന്നത്

# ബഥേൽ പത്രിക

★

ജൂലൈ 1995

**രക്ഷാധികാരി**

**നി. വ. ദി. ശ്രീ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

**പത്രാധിപ സമിതി**

1 റവ. ഫാ. പി.ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ. ഫാ. മാത്യു കോശി
6 റവ. ഫാ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. ഏബ്രഹാം
10 പ്രൊഫ. റ്റി. ജെ. മാത്യു (ചീഫ് എഡിറ്റർ)

**സർക്കുലേഷൻ മാനേജർ**

എം. എ. ജേക്കബ്


## ഉള്ളടക്കം


ഇടയലേഖനം

സാമൂഹിക പ്രതിബദ്ധത
ജോഷ്വാ ഏബ്രഹാം

പ്രത്യാശയുടെ പടവുകൾ
സുനിൽ സി. വർഗീസ്

നീതിമാന്റെ അനുഗ്രഹങ്ങൾ
Br തോമസ് മാത്യു

പുനരുദ്ധാനം (കവിത)
സിബി ഏബ്രഹാം

ഗിലയാദ്യനായ
യീഫ്താഹ്
വി. വർഗീസ്

രക്ഷക സവിധത്തിലേക്ക് (കവിത)
സജി വർഗീസ്

കുടുംബ ജീവിതം (തുടർച്ച)
ഫാ സി. ജെ ജോർജ്

സുപ്രധാന സുപ്രീം കോടതി വിധി

പാപത്തിൽ നിന്നുമുള്ള അകൽച്ച
വി. വർഗീസ്

പരിത്യാഗം–സി എം. തങ്കച്ചൻ

ഭദ്രാസനവാർത്തകൾ

ഇസബേൽ–പി. എം., ചാക്കോ

ബാലപത്രിക
ആനി ജേക്കബ്


## ഇടയലേഖനം

വാത്സല്യ മക്കളെ,

സഹസ്രാബ്ദങ്ങളായി മനുഷ്യ മനസ്സിൽ കുടികൊള്ളുന്ന പരിപാവനമായ ഒരു സങ്കല്പമാണ് മതവിശ്വാസം. യഥാർത്ഥത്തിലുള്ള ഒരു മതവിശ്വാസിയെ ഭഗവദ് ഗീതയിലെ ഭക്തിയോഗാദ്ധ്യായത്തിൽ ഇപ്രകാരം വിശേഷിപ്പിക്കുന്നു. 'സർവ്വഭൂത പ്രേമിയും കരുണാശാലിയും, നിർമ്മമനും, നിരഹങ്കാരനും സമദുഃഖസുഖനും, ക്ഷമാവാനും, നിത്യസന്തുഷ്ടനും, യതാത്മാവും' എന്നൊക്കെയാണ്. പരമപാവനമായ മതവിശ്വാസങ്ങളെല്ലാം തന്നെ മാനവ കല്യാണമാണ് ലക്ഷ്യമാക്കുന്നത്. ഭൂമിക്കടിയിൽ നിന്നും കുഴിച്ചെടുക്കുന്ന അസംസ്കൃത ലോഹത്തിൽ നിന്നും അവിശുദ്ധ പദാർത്ഥങ്ങളെല്ലാം നീക്കിവെടുപ്പാക്കി ലോഹത്തെ വേർതിരിച്ചെടുക്കുന്ന ഒരു പ്രക്രിയനാണ് മതം അനുഷ്ടിക്കുന്നത്. മാലിന്യം കലർന്ന ലോഹത്തെക്കൊണ്ട് അതേപടി ഒരു പ്രയോജനവും ഇല്ല എന്നത് ഒരു സത്യമാണല്ലോ. പൊതുജനോപകാരപ്രദമായിത്തീരുന്നത് മാലിന്യങ്ങളെല്ലാം നീക്കം ചെയ്യപ്പെട്ടു കഴിഞ്ഞതിനുശേഷമാണ്. പാരിൽ പിറക്കുന്ന മനുഷ്യനെയും ഇതുപോലെ ശുദ്ധീകരിക്കുന്നത് മതം ആകുന്നു. ദേവാലയങ്ങളാകുന്ന ശുദ്ധീകരണശാലകളിൽ അതാതുമതത്തിന്റെ നിയമങ്ങളനുസരിച്ച് മനുഷ്യനെ പ്രക്ഷാളനത്തിനു വിധേയനാക്കുന്നു.

മതത്തിന്റെ സാർവ്വത്രികമായ ലക്ഷ്യം ഇതൊക്കെയാണെങ്കിലും ദൗർഭാഗ്യവശാൽ ധാരാളം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കടന്നു കൂടിയിട്ടുണ്ട് എന്നു സമ്മതിക്കാതിരിക്കുവാൻ നിർവ്വാഹമില്ല. മതവിശ്വാസം ഏതാണ് അന്ധവിശ്വാസം ഏതാണ് എന്നുതിരിച്ചറിയുവാൻ സാധാരണക്കാർ വിഷമിക്കുന്നു എന്നത് ഒരു നഗ്നസത്യമാണ്. അതുമാത്രമല്ല വിവിധകാരണങ്ങളാൽ മതത്തോട് പണ്ടത്തേതു പോലെ മനുഷ്യർക്ക് ബഹുമാനവും ഇല്ലാതെയായിരിക്കുന്നു.

യഥാർത്ഥ മതവും മതവിശ്വാസത്തിലധിഷ്ടിതമായ ജീവിത ക്രമവും മാനവ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. മതത്തെയും മതവിശ്വാസങ്ങളെയും അകാരണമാകട്ടെ സകാരണമാകട്ടെ അടിച്ചമർത്തുവാൻ, ചവിട്ടിത്താഴ്ത്തുവാൻ എത്രയൊ ഉന്നതന്മാർ പരിശ്രമിച്ചിട്ടുണ്ടെന്നുള്ളത് ലോക ചരിത്രം സാക്ഷ്യം വഹിക്കുന്നു. എന്നാൽ ആ 'ഉന്നതന്മാർ' കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയതല്ലാതെ മതത്തിന് ഒരു ചെറിയ പോറൽ പോലും വരുത്തുവാൻ ആ ഉന്നതന്മാർക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്.

സത്യത്തെയും അസത്യത്തെയും, നന്മയെയും തിന്മയെയും, നീതിയെയും അനീതിയെയും വേർതിരിക്കുവാൻ നമുക്ക് കഴിവുണ്ടായിരിക്കണം. മത വിശ്വാസങ്ങളോടൊപ്പം നുഴഞ്ഞു കയറിയിട്ടുള്ള അന്ധവിശ്വാസങ്ങളാകുന്ന കള്ളനാണയങ്ങളെ വേർതിരിച്ചറിയുവാനും അത്തരം കള്ളനാണയങ്ങളെ നമ്മുടെ മത വിശ്വാസങ്ങളിൽ നിന്നും തൂത്തെറിയുവാനും നമുക്കു കഴിയണം. ഇരുപത്തിയൊന്നാം നൂററാണ്ടിലേക്ക് പ്രവേശിക്കുവാൻ പോകുന്ന നാം അന്ധവിശ്വാസങ്ങളെ ആകമാനം കടപുഴക്കി എറിയേണ്ടകാലം അതിക്രമിച്ചിരിക്കുന്നു

മതത്തിന്റെ പേരിൽ നടക്കുന്ന അക്രമങ്ങളും അനീതികളും ചൂഷണങ്ങളും നമ്മുടെ ചിന്തയ്ക്ക് വിഷയീഭവിക്കേണ്ടതാണ്. ശത്രുക്കൾക്കുപോലും മാപ്പുകൊടുക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമ്മെ പഠിപ്പിച്ച നമ്മുടെ കർത്താവ് സമാധാനത്തിന്റെ സംസ്ഥാപനമാണ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. 'എവിടെ ക്രോധം പൊന്തുന്നുണ്ടവിടെ ശോകം ചിന്തുന്നുണ്ടവിടെ കുതിച്ചെത്താൻ' നാമോരോരുത്തരും കടപ്പെട്ടവരാണ്. എന്നാൽ ആ നമ്മൾ തന്നെ പരസ്പരം പോരടിക്കുന്ന ദുഃഖകരമായ കാഴ്ചയല്ലെ നാമിന്നു കാണുന്നത്. എവിടെയെല്ലാം പത്തുപേർ കൂടുന്നുണ്ടോ അവിടെയെല്ലാം പല ഗ്രൂപ്പുകൾ ഉരുത്തിരിയുകയും അവർ നിത്യപോരാട്ടത്തിൽ ഏർപ്പെടുകയും ചെയ്യുന്നതാണ് ഇന്നു കാണുന്നത്.

മതവും ശാസ്ത്രവും ഒരുപോലെ മനുഷ്യന് അത്യന്താപേക്ഷിതമാണ്. ഇവ രണ്ടും പരസ്പരം പോരടിക്കുന്നവയല്ല പിന്നെയോ പരസ്പര പൂരകങ്ങളാണ്. ഡോ. ആൽബർട്ട് ഐൻസ്ററീൻ ഇപ്രകാരം അനുസ്മരിക്കുന്നു. Science without religion is lame Religion without science is bl nd മതം ആത്മീയ പ്രധാനവും ശാസ്ത്രം ഭൗതിക പ്രധാനവും ആകുന്നു. ഈ പ്രപഞ്ചത്തിനെയും ഇതിലുള്ള സർവ്വചരാചരങ്ങളെയും ആരു സൃഷ്ടിച്ചു, എന്തിനു സൃഷ്ടിച്ചു എന്നീ ചോദ്യങ്ങൾക്ക് വേദപുസ്തകം ഉത്തരം നൽകുന്നു. എന്നാൽ എങ്ങനെ സൃഷ്ടിച്ചു എന്ന ചോദ്യത്തിന് ശാസ്ത്രഗ്രന്ഥങ്ങളാണ് ഉത്തരം നൽകുന്നത്. മതത്തെയും ശാസ്ത്രത്തെയും ഈ വിധത്തിൽ മാത്രമെ നാം കാണാവൂ.

ദൈവസാന്നിദ്ധ്യത്തിനായി എല്ലാ മതങ്ങളും ഒരുപോലെ അവലംബിക്കുന്ന ഒരു മാർഗ്ഗമാണ് പ്രാർത്ഥന എന്നത്. PRAY എന്ന പദത്തിലെ ഓരോ അക്ഷരവും Praise, Repent, Ask, Yield എന്നീ പദങ്ങളിലെ ആദ്യ അക്ഷരങ്ങളാണ് സൂചിപ്പിക്കുന്നതെന്നു പറയാറുണ്ട്. ലോക ജീവിതത്തിൽ ഉണ്ടാകാവുന്ന അനേകതരം പ്രയാസങ്ങളും ദുഃഖങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്ന മാനവ ജനതയ്ക്ക് പ്രാർത്ഥനകളിൽ കൂടിയും ആരാധനകളിൽ കൂടിയും ലഭിക്കുന്ന പരമാനന്ദം അനുഭവിച്ചു തന്നെ അറിയേണ്ടതാണ്. സ്വന്തം വല്യപ്പച്ചന്റെ മടിയിൽ സ്വാതന്ത്ര്യത്തോടും അവകാശത്തോടും കൂടി ഇരുന്നുകൊണ്ട് ഒരു ഇളം പൈതൽ ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്കെല്ലാം വാത്സല്യ പൂർവ്വം മറുപടിപറയുകയും ചെയ്യുന്നതുപോലെയുള്ള സന്തോഷസന്ദായകമായ ഒരു അനുഭവമാണ് പ്രാർത്ഥന. ഓർത്തഡോക്സ് സഭയുടെ ആരാധന ഭൂമിയെ സ്വർഗ്ഗതുല്ല്യമാക്കുന്നു. ഇത്രമാത്രം വൈശിഷ്ട്യമേറിയ പ്രാർത്ഥനയ്ക്ക് ഇന്ന് മനുഷ്യന് സമയമില്ലാതായിരിക്കുന്നു. ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങൾ പ്രാർത്ഥനയുടെ സമയം അപഹരിച്ചിരിക്കുന്നു.

ദൈവസ്നേഹം ഉള്ളവനു സഹസൃഷ്ടിസ്നേഹം ഇല്ലാതിരിക്കുവാൻ സാധ്യമല്ല. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുവാൻ കഴിയാത്തവന് കാണപ്പെടാത്ത ദൈവത്തെ എങ്ങിനെ സ്നേഹിക്കാൻ കഴിയും?

'അടുത്തുനില്പോരനുജനെ നോക്കാനക്ഷികളില്ലാത്തോർക്കരുപനീശ്വരനദൃശ്യനായാൽ അതിലെന്താശ്ചര്യം?' എന്നാണ് മഹാകവി ഉള്ളൂർ ചോദിക്കുന്നത്. സൃഷ്ടാവായ ദൈവത്തെ പൂർണ്ണമായി സ്നേഹിക്കുവാൻ കല്പിച്ചതോടൊപ്പം നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുവാനും കർത്താവ് കല്പിക്കുന്നു.

വലിയ നോമ്പിന്റെ വിജയകരമായ പരിസമാപ്തിക്കു ശേഷം ആത്മീയ പ്രബുദ്ധത കൂടുതലായി സമ്പാദിച്ച നാമോരോരുത്തരും നമ്മുടെ മതവിശ്വാസത്തിൽ ഉറച്ചുനിൽക്കണം. മതവിശ്വാസത്തിൽ കടന്നു കൂടിയിട്ടുള്ള അന്ധവിശ്വാസങ്ങളെ കണ്ടറിഞ്ഞ് തുടച്ചു മാററുവാൻ നമുക്കു കഴിയണം. സൃഷ്ടാവായ ദൈവത്തിലുള്ള നമ്മുടെ വിശ്വാസം ആഴവും പരപ്പും ദൃഢതയും ഉള്ളതാകണം. നമ്മുടെ സമസൃഷ്ടികളെ ജാതിമത കുബേര കുചേല വ്യത്യാസമില്ലാതെ സ്നേഹിക്കുവാനും കഷ്ടപ്പെടുന്നവരുടെ കണ്ണുനീരൊപ്പുവാനും നാമോരോരുത്തരും ഇത്തരുണത്തിൽ പ്രതിജ്ഞയെടുക്കേണ്ടതാണ്.

ശേഷം പിന്നാലെ

ദൈവം അനുഗ്രഹിക്കട്ടെ

കർത്താവിൽ നിങ്ങളുടെ

ബലഹീനനായ

തോമസ് മാർ

അത്താനാസിയോസ്

മെത്രാപ്പോലീത്താ.

# സാമൂഹിക പ്രതിബദ്ധത

## ജോഷ്വാ ഏബ്രഹാം കുന്നുംപുറത്ത്

''രണ്ടു വസ്ത്രമുള്ളവൻ ഇല്ലാത്തവന്നു കൊടുക്കട്ടെ ഭക്ഷണ സാധനങ്ങൾ ഉള്ളവനും അങ്ങനെ ചെയ്യട്ടെ''
(ലൂക്കോസ് 3:11)

ദൈവം മനുഷ്യനു വേണ്ടി ചെയ്തതു എന്തെന്നും മനുഷ്യനിൽ ദൈവം വരുത്താവുന്ന പരിവർത്തനം എത്രത്തോളമെന്നും വ്യക്തമാക്കുന്നതാണ് ക്രിസ്തീയ സുവിശേഷം. ഇത് വാക്കിനാലും പ്രവർത്തിയാലും സംസാരത്താലും ജീവിതത്താലും എല്ലായിടത്തുമുള്ള ജനങ്ങൾക്ക് പകർന്നുകൊടുക്കുക എന്നതാണ് ക്രിസ്തീയ സുവിശേഷം. നിന്ദിതരും നിരാശ്രയരുമായ ലക്ഷോപലക്ഷങ്ങളെ സ്വന്തം കാലിൽ നില്ക്കത്തക്ക നിലയിലേക്ക് ഉയർത്താനും സാമ്പത്തിക ശ്രേണിയുടെ ഉന്നതങ്ങളിലേക്ക് നയിക്കാനും രാജ്യം പെടാപ്പാടു പെടുന്നു. ദുരിതമായിരുന്നു ഈ ലക്ഷങ്ങളുടെ നാളിതുവരെയുള്ള ഏക സമ്പാദ്യം. എവിടെ ദുരിതമുണ്ടോ അവിടെ ക്രിസ്ത്യാനിക്ക് ഇടപെടലും വേണ്ടിവരും. രാജ്യം ജനാധിപത്യ വ്യവസ്ഥയിലോ സോഷ്യലിസ്ററ് സാമൂഹ്യ ക്രമത്തിലോ എന്നൊന്നും നോക്കാതെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുമായി ശക്തമായും ആത്മാർത്ഥമായും സഹകരിക്കണം. നമ്മുടെ കൂട്ടായശ്രമം കൊണ്ട് ആയിരങ്ങളുടെ കണ്ണീർ തുടയ്ക്കാൻ സാധിക്കും. നമ്മുടെ വിമോചകനും രക്ഷിതാവുമായ ക്രിസ്തുയേശു നമ്മിൽ നിന്ന് അത് പ്രതീക്ഷിക്കുന്നു.

ഇന്നത്തെ സമൂഹത്തിൽ ആരും തന്റെ ചുററുപാടിനെ ശ്രദ്ധിക്കുവാൻ ശ്രമിക്കുന്നില്ല. സമൂഹത്തോടുള്ള തന്റെ ഉത്തരവാദിത്വത്തെ കുറിച്ച് ചിന്തിക്കുന്നില്ല. ഒരു ക്രിസ്ത്യാനിക്ക് ഇതിൽ നിന്നും വിഭിന്നമായി തന്റെ ഉത്തരവാദിത്വം എങ്ങനെ നിറവേററാൻ കഴിയും? മററുള്ളവരോടുള്ള ബന്ധത്തിൽ നാം എങ്ങനെ കഴിയണം? വി. മത്തായി 5:13 നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പു കാരമില്ലാതെ പോയാൽ അത് എന്തൊന്നിനാൽ രസം വരുത്തും എന്ന് ചോദിക്കുന്നുണ്ട്. ഉപ്പു ഭക്ഷണ പദാർത്ഥങ്ങളിലേക്ക് അലിഞ്ഞിറങ്ങി അതിനെ രുചിപ്പെടുത്തുന്നതുപോലെ നമ്മളും സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിച്ച് രൂപാന്തരമുള്ള സമൂഹമാക്കി തീർക്കണം. വീണ്ടും കർത്താവ് പറയുന്നു. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെമേൽ പ്രകാശിക്കട്ടെ. (തുടരും)



# പ്രത്യാശയുടെ പളവ്കൾ

## സുനിൽ സി. വർഗീസ്, ചെറിയനാട്

സമയം രാവിലെ 7.30 മണി ഡൽഹിയിൽ നിന്നുമുള്ള മലയാള വാർത്ത റേഡിയോയിലൂടെ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഷിബു മെല്ലെ എഴുന്നേററിരുന്നു. പുറത്ത് ഇടവപ്പാതിയുടെ പുതപ്പിൽ നിന്നും എഴുന്നേററു വന്ന പ്രഭാതം. ചാറിക്കൊണ്ടിരുന്ന മഴയിലേക്ക് ഷിബു തുറിച്ചുനോക്കി. പെട്ടന്ന് ഒരു വല്ലാത്ത ശബ്ദം റേഡിയോയിൽ നിന്നുമാണത്. അത് നിന്നിരിക്കുന്നു. ബാററി തീർന്നതോ അതോ വാർദ്ധക്യവും പ്രതികൂല കാലാവസ്ഥയും ചേർന്നു സമ്മാനിച്ച ഏതെങ്കിലും രോഗമോ? അവൻ മെല്ലെ എഴുന്നേററു ആകെയൊന്നു നോക്കി എന്തായാലും ഉടനെ നന്നാവുന്ന ലക്ഷണമില്ല. മനസ്സു വല്ലാതെ നോവുന്ന പോലെ അവനു തോന്നി. ബാററി വേണമെങ്കിൽ പത്തിരുപതു രൂപയാവും. റിപ്പയർ ചെയ്യണമെങ്കിൽ അതിലും കൂടുതൽ വേണം. അവൻ റേഡിയോ ഓഫ് ചെയ്തു പുറകോട്ടു മാററിവച്ചു.

''എന്താ മോനേ അതു നിർത്തിയത്? കട്ടൻ കാപ്പിയും കൊണ്ടുവന്ന അമ്മയുടെ അന്വേഷണം. കാപ്പി വാങ്ങിക്കൊണ്ട് അവൻ മറുപടി പറഞ്ഞു.

''അതു നിന്നു പോയതാ''

ഷിബുവിന് ആകെ നിരാശതോന്നി. വീട്ടിൽ ആകെ ഉണ്ടായിരുന്ന വില പിടിച്ച ഉപകരണം കേരളത്തിലെ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ താൻ വിശ്വസിക്കുന്ന പാർട്ടിയുടെ ഭൂരിപക്ഷത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് പ്രധാന വാർത്തകൾ ഒരിക്കൽക്കൂടി പറയുന്നത് അപ്പുറത്തെ വീട്ടിലെ റേഡിയോയിൽ നിന്നും കേൾക്കുവാൻ കഴിഞ്ഞു.

പഞ്ചായത്ത് തെരഞ്ഞെടുപ്പ് താനൊന്നു ഞെട്ടിയതായി ഷിബുവിനു തോന്നി. മനസ്സിന്റെ അഗാധതയിലെങ്ങോ വേദനയുടെ ഞെരുക്കം കേൾക്കുന്നതായി അവനു തോന്നി. വേണ്ടാ ഒന്നും ഓർക്കേണ്ട.

ഏതോ വലിയ ഗുഹയിൽ പൂട്ടിവച്ച വിലക്കപ്പെട്ട ഓർമ്മകളാണവ. കട്ടിലിലേക്ക് ഇരിക്കുമ്പോൾ അപ്പുറത്ത് സ്ററീരിയോയിലൂടെ മുഴങ്ങുന്ന അർത്ഥ സമ്പുഷ്ടമായ ഗാനം ശ്രവിച്ചു.

മാലാഖമാരുടെ ഭാഷഅറിഞ്ഞാലും
മാലാഖമാരൊത്തു ജീവിച്ചാലും
വാനവരാജ്യത്തെ
വാരൊളികണ്ടാലും
സ്നേഹമില്ലെങ്കിൽ
അതൊക്കെ ശൂന്യം.

കേട്ടപ്പോൾ ഷിബു കരഞ്ഞുപോയി. ഓർമ്മകളുടെ തികട്ടൽ വീണ്ടും അഴിമതിയുടെ പുറത്ത് അഴിമതി കാട്ടിയവനെതിരെ ശബ്ദിച്ചുപോയി. താൻ ചെയ്ത തെററ് അത്രയല്ലെ ഉള്ളൂ.

## നീതിമാന്റെ അനുഗ്രഹങ്ങൾ

### ബ്രദർ തോമസ് മാത്യു (തുടർച്ച)

13 നീതിമാന്മാരുടെ കൊമ്പുകൾ ഉയർന്നിരിക്കും

14 നീതിമാൻമാർ പനപോലെ തഴയ്ക്കും.

15 നീതിമാൻ യഹോവയിൽ ആനന്ദിച്ച് അവനെ ശരണമാക്കും.

16 നീതിമാന്മാർ യഹോവയിൽ സന്തോഷിക്കുന്നു.

17 നീതിമാൻ എന്നേക്കും ഓർമ്മയിൽ ഇരിക്കും.

18 നീതിമാൻ ദുർവ്വർത്തമാനം നിമിത്തം ഭയപ്പെടുകയില്ല.

19 നീതിമാന്റെ ഹൃദയം ഭയപ്പെടാതെ സ്ഥിരമായിരിക്കും.

20 നീതിമാൻ വാരി വിതറി ദരിദ്രർക്കു കൊടുക്കുന്നു.

21 നീതിമാന്റെ കൊമ്പ് ബഹുമാനത്തോടെ ഉയർന്നിരിക്കും.

---

പാവങ്ങൾക്കു കിട്ടേണ്ട സൗജന്യങ്ങൾ എഴുതിവാങ്ങി ഉദരപൂരണം നടത്തിയതിനെതിരെ ഒന്ന് ശബ്ദിച്ചു പോയി. അതല്ലെ താൻ ചെയ്ത തെററ്. അവർ തന്നെ കുററപ്പെടുത്തിയപ്പോൾ ഷിബു കരഞ്ഞില്ല. മനസ്സു നൊന്തു പോലുമില്ല.

ആർക്കു വേണ്ടി താൻ പറഞ്ഞുവോ അയാൾ അവസാനം തനിക്കെതിരെ തിരിഞ്ഞപ്പോൾ താൻ കരഞ്ഞു. പക്ഷെ ഒന്നും താൻ ഓർക്കുന്നില്ല. ലോകത്തിനു മുഴുവൻ വേണ്ടി തിരു അവതാരം ചെയ്ത രക്ഷകൻ ക്രൂശിക്കപ്പെട്ടപ്പോൾ അനുഭവിച്ച വേദന താനനുഭവിച്ചില്ലല്ലെ. അതുമാത്രമെ ഷിബു ഓർത്തൊള്ളു. അതുകൊണ്ട് താനിന്നും ജീവിക്കുന്നു. തനിക്ക് അവന്റെ വഴി മതി. എന്നും എപ്പോഴും പ്രത്യാശയുടെ പടവുകൾ അപ്പോഴും ഷിബുവിനെ മാടിവിളിച്ചു കൊണ്ടിരിക്കുന്നതായി തന്റെ മനസ്സു പറയുന്നു. പിന്നെ താൻ ആരെ ഭയപ്പെടണം. താൻ ആരിൽ വിശ്വസിക്കുന്നുവൊ അവനെ മുറുകെ പിടിക്കാം. സത്യം ലോകം അറിയാൻ താമസിച്ചാലും ക്രിസ്തുവിന്റെ കൃപ എല്ലാത്തിനും എന്നതു പോലെ ഇതിനും ഷിബുവിനെ പ്രാപ്തനാക്കുമെന്ന് അവൻ അറിയുന്നുണ്ടായിരുന്നു. മുറിയിൽ ഉണ്ടായിരുന്ന ക്രിസ്തു ചിത്രത്തിലേക്ക് അവൻ ഒന്നു നോക്കി. മടിപിടിച്ച മനസ്സിൽ നിന്നും പെട്ടന്ന് ഉർന്നിറങ്ങി വാതിൽക്കൽ എത്തുമ്പോൾ പുതിയ ചില തീരുമാനങ്ങളുടെ നിശ്ചയദാർഢ്യമായിരുന്നു ഷിബുവിന്റെ മനസ്സിൽ.

(യുവജന പ്രസ്ഥാനം ഭദ്രാസന അടിസ്ഥാനത്തിൽ നടത്തിയ ചെറുകഥാ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയത്.)



## പുനരുത്ഥാനം

### സിബി എബ്രഹാം കുട്ടംപേരൂർ

പിറന്നു മണ്ണിൽ ജീവന്റെ ജീവനായ്
വളർന്നു മണ്ണിൽ പ്രജകളുടെ സ്നേഹത്തിനായ്
പ്രവർത്തിച്ചു മണ്ണിൽ മക്കളുടെ ക്ഷേമത്തിനായ്
മരിച്ചു മണ്ണിൽ മക്കളുടെ സുഖത്തിനായ്
ഇത് സ്നേഹമൊ, ത്യാഗമൊ ഈ ക്രൂശ്മരണം
അതോ ആത്മീയ ജീവന്റെ ഉത്സാഹത്തിനായോ
ദേവേശൻ പിറന്ന മണ്ണിൽ, ദേവദൂതും
നൽകി പൊരുതിയ ദേവേശൻ
മണ്ണിൻ മക്കളുടെ സ്നേഹ സുഖത്തിന്
വേണ്ടിമരിച്ചു ദേവേശൻ ക്രൂശിൽ
ക്രൂശിലെ ത്യാഗം ഓർത്ത് നാം ഇന്നു.
വിലപിക്കുന്നു ആ ദുഷ്പ്രവൃത്തി ഓർത്ത്
ദേവേശൻ ജീവിച്ചു, മരിച്ചു മണ്ണിൽ
ആത്മാവിൽ പിറന്ന യേശുനാഥൻ
ക്രൂശിൽ മരിച്ചു ത്യജിച്ചു സകലതും
ക്രൂശിലെ ത്യാഗങ്ങൾ സഹിച്ചു.
പുനരുദ്ധരിച്ചു വീണ്ടും ഈ മണ്ണിൽ
ഈ മണ്ണിൻ മക്കളുടെ സുഖത്തിനായി
യേശുരാജൻ പുനരുദ്ധരിച്ച ഈ മണ്ണിൽ
സ്നേഹത്തിന്റെ പൊൻനാളുകൾ തെളിയേണം.

(ചെങ്ങന്നൂർ ഭദ്രാസനം യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പദ്യരചനാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയത്.)

---

22 ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാന്മാരുടെ കൂടാരങ്ങളിൽ ഉണ്ട്.

23 ദുഷ്ടന്മാരുടെ ചെങ്കോൽ നീതിമാന്മാരുടെ അവകാശത്തിന്മേൽ ഇരിക്കുകയില്ല.

24 നീതിമാന്മാർ ദൈവത്തിന്റെ നാമത്തിനു സ്തോത്രം ചെയ്യും.

25 യഹോവ നീതിമാന്മാരെ സ്നേഹിക്കുന്നു.

ഈ സുവാർത്തയാൽ നീതിമാന്മാരുടെ മരണ ദിനം നാം കൊണ്ടാടുകയും അവരുടെ വിലയേറിയ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു.

# ഗിലയാദ്യനായ യിഫ്താഹ്

വി. വറുഗീസ്. മുളക്കുഴ

യോശുവയുടെ മരണാനന്തരം യിസ്രായേലിനെ നയിച്ച വീരപുരുഷന്മാരും സമരയോദ്ധാക്കളുമായ പലരേയും ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണുവാൻ കഴിയും. ഇവരിൽ പലരും നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ഗറില്ലായുദ്ധം നടത്തി. ദൈവാനുഗ്രഹത്താൽ വിജയം കൈവരിച്ചവരാകുന്നു.

യഹൂദ കനാന്യരെയും ഗിദയോൻ മിദ്യാന്യരേയും യിഫ്താഹ് അമ്മോന്യരെയും ശിംശോൻ ഫെലിസ്ത്യരെയും നേരിട്ട് സമർത്ഥമായ നേതൃത്വം നൽകി. യിസ്രായേലിന്റെ ശത്രുക്കളെ പരാജയപ്പെടുത്തി ആധിപത്യം നിലനിർത്തി.

ജന്മനാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി നേതൃത്വം നൽകിയ ഒരു ധീരയോദ്ധാവായിരുന്നു യിഫ്താഹ്. ദൈവം തുറക്കുന്നു എന്ന് അർത്ഥം വരുന്ന പേരാണ് ഇദ്ദേഹത്തിന് ലഭ്യമായത്. എബ്രായർക്കു നേതൃത്വം വഹിച്ച ന്യായാധിപന്മാരിൽ ഒരുവൻ. ക്രിസ്തുവിന് 1100 വർഷം മുമ്പ് ജീവിച്ചിരുന്ന ഒരു യോദ്ധാവ്. ഗിലയാദിന് ഒരു വേശ്യയിൽ ജനിച്ച പുത്രൻ (സഭാ വിജ്ഞാന കോശം പുറം 715).

ഗിലയാദിന്റെ പുത്രന്മാർ പ്രായപൂർത്തിയിലെത്തിയപ്പോൾ അവർ യിഫ്താഹിനെ പരസ്ത്രീ പുത്രനെന്ന കാരണത്താൽ പുറത്താക്കിക്കളഞ്ഞു. അങ്ങനെ യിഫ്താഹ് സ്വന്തം സഹോദരങ്ങളെ വിട്ട് തോബ് പ്രദേശത്ത് ചെന്നു പാർത്ത് നിസ്സാരന്മാരായ ചിലരൊത്തു സഞ്ചരിച്ചു.

(ന്യായാധിപന്മാർ 11:1-3)

യിസ്രായേൽ മക്കൾ യഹോവയ്ക്കു അനിഷ്ടമായുള്ളതു ചെയ്തു. അവർ ബാൽ വിഗ്രഹങ്ങളെയും അസ്മോരെത്ത് പ്രതിഷ്ഠകളെയും, അരാമ്യ ദേവന്മാരെയും, സീതോന്യ ദേവന്മാരെയും, ഫെലിസ്ത്യ ദേവന്മാരെയും, അമ്മോന്യ ദേവന്മാരെയും, മൊവാബ്യ ദേവന്മാരെയും സേവിച്ചു. യഹോവയായ ദൈവത്തെ അവർ ഉപേക്ഷിച്ചു. യഹോവയുടെ കോപം അവരുടെ നേരേ ജ്വലിച്ചു.

യിസ്രായേലിന്റെ ശത്രുക്കളായ കനാന്യർ, മിദ്യാന്യർ, അമ്മോന്യർ, ഫെലിസ്ത്യർ എന്നിവരോട് സ്വന്തം നാടിന്റെ സ്വാതന്ത്ര്യത്തിനായി യുദ്ധം ചെയ്യുവാൻ യിസ്രായേല്യർ നിർബന്ധിതരായി. (പുറ. 12:40) 430 വർഷത്തെ പരദേശ വാസത്തിനു ശേഷവും യിസ്രായേലിന്റെ വാഗ്ദത്ത നാട്ടിലേക്കുള്ള പ്രയാ



ണത്തിലും അവർ യഹോവയായ ദൈവത്തെ മറന്ന് അവനുവിരോധമായി പിറുപിറുക്കുകയും കൂട്ടുകെട്ടുണ്ടാക്കുകയും ചെയ്തതു കൊണ്ട് അവൻ അവരെ അവരുടെ ശത്രുക്കളുടെ കൈകളിൽ ഏല്പിച്ചു. എങ്കിലും നിരന്തരമായ യിസ്രായേൽ മക്കളുടെ കണ്ണുനീരിനാലും മുട്ടിപ്പായുള്ള സങ്കടയാചനകളാലും യഹോവയായ ദൈവം കാലാകാലങ്ങളിൽ അവരുടെ തെറ്റുകൾക്ക് മാപ്പു നൽകുകയും അവരെ നയിക്കാൻ പ്രാപ്തന്മാരായ യുദ്ധവീരാളികളെ നിയോഗിക്കുകയും ചെയ്തു.

അമ്മോന്യർ യിസ്രായേലിനോട് യുദ്ധത്തിനായി പുറപ്പെട്ടപ്പോൾ ഗിലയാദിലെ മൂപ്പന്മാർ യിഫ്താഹിനെ തോബ് ദേശത്തുനിന്ന് അമ്മോന്യരോടു യുദ്ധം ചെയ്യാൻ വിളിച്ചുകൊണ്ടുവന്നു. ഗിലെയാദിലെ മൂപ്പന്മാർ യിഫ്താഹിന് ഗിലെയാദിലെ സകല നിവാസികൾക്കും യുദ്ധാനന്തരം തലവനായിരിക്കും എന്ന് ഉറപ്പുകൊടുത്തിരുന്നു.

യിഫ്താഹ് അമ്മോന്യ രാജാവിന്റെയും മോവാബ് രാജാവിന്റെയും അടുക്കൽ ദൂതന്മാരെ അയച്ചു. ഇരുവരും വിട്ടുവീഴ്ചാ മനോഭാവമില്ലാതെ നിന്നു. പിന്നീട് ഏദോം രാജാവിന്റെ അടുക്കലും ദൂതന്മാരെ അയച്ച് അവന്റെ പ്രദേശത്തു കൂടി യിസ്രായേൽ കടന്നു പോകാനുള്ള അനുവാദം ആവശ്യപ്പെട്ടു. അമോര്യ രാജാവിനോടും അനുവാദം ചോദിച്ചു. ഇരുവരും അപേക്ഷ നിഷേധിച്ചു. എല്ലാ വാതിലുകളും അടഞ്ഞപ്പോൾ യിഫ്താഹ് ദൈവ പ്രചോദിതനായി ഗിലെയാദിലെ വിസ്പായിൽ വച്ച് യഹോവയ്ക്ക് ഒരു നേർച്ച നേർന്നു പറഞ്ഞത് 'നീ അമ്മോന്യരെ എന്റെ കൈയ്യിൽ ഏല്പിക്കുമെങ്കിൽ ഞാൻ അമ്മോന്യരെ ജയിച്ച് സമാധാനത്തോടെ മടങ്ങി വരുമ്പോൾ എന്റെ വീട്ടുവാതുക്കൽ നിന്ന് എന്നെ എതിരേറ്റുവരുന്നത് യഹോവയ്ക്കുള്ളതാകും. അത് ഞാൻ ഹോമയാഗമായി അർപ്പിക്കും' ന്യായാധിപന്മാർ 11:30 31) യിഫ്താഹ് അമ്മോന്യരെ യുദ്ധത്തിൽ യുദ്ധത്തിൽ തോല്പിച്ച് ഉന്മൂല നാശം വരുത്തി. യഹോവ അവരെ അവന്റെ കൈയ്യിൽ ഏല്പിച്ചു. ഇരുപതോളം അമ്മോന്യ പട്ടണങ്ങൾ കീഴടക്കി.

വിജയശ്രീലാളിതനായി യിഫ്താഹ് തന്റെ മിസ്പയിൽ തന്റെ വീട്ടിലേക്കു ചെല്ലുമ്പോൾ അവന്റെ മകൾ തപ്പോടും നൃത്തത്തോടും കൂടി അവനെ എതിരേറ്റു. അവൾ അവരന്റ ഏകപുത്രി ആയിരുന്നു. അവളല്ലാതെ അവന് മകളുമില്ല മകനുമില്ല. അവളെകണ്ടയുടൻ തന്റെ വസ്ത്രം കീറി. അയ്യോ! എന്റെ മകളെ നീ എന്റെ തലകുനിയിച്ചു. നീ എന്നെ വ്യസനിപ്പിക്കുന്നവരുടെ കൂട്ടത്തിൽ ആക്കിയല്ലോ. യഹോവയോടു ഞാൻ പറഞ്ഞുപോയി. എനിക്ക് പിന്മാറിക്കൂടാ എന്നുപറഞ്ഞു. അവൾ

അവനോട് 'അപ്പാ നീ യഹോവയോടു പറഞ്ഞുപോയിട്ടുണ്ടെങ്കിൽ യഹോവാ നിനക്കുവേണ്ടി നിന്റെ ശത്രുക്കളായ അമ്മോന്യരോട് പ്രതികാരം നടത്തിയിരിക്കയാൽ നിന്റെ വായിൽ നിന്ന് പുറപ്പെട്ടതുപോലെ എന്നോടു ചെയ്ക എന്നു പറഞ്ഞു. (ന്യായാ. 11:31_36) എന്നാൽ മകളുടെ അഭ്യർത്ഥന യിഫ്താഹ് കൈക്കൊണ്ടു. അവളുടെ സഖിമാരുമായി അവളുടെ കന്യകത്വത്തെക്കുറിച്ച് പർവ്വതത്തിൽ ചെന്ന് രണ്ടുമാസം വിലാപം കഴിക്കുവാനുള്ള അനുവാദം യിഫ്താഹ് അവൾക്കു നൽകി. കാലാവധികഴിഞ്ഞ് തിരിച്ചുവന്ന തന്റെ ഏകമകളോട് യിഫ്താഹ് യഹോവയ്ക്കു നേർന്ന നേർച്ചപോലെ പ്രവർത്തിച്ചു.

ഒരു പിതാവിലും കാണാത്ത ഉറച്ച തീരുമാനം. സ്വന്തം മകളെപ്പോലും ബലികഴിക്കുന്നതിൽ യാതൊരു മടിയും കാട്ടുന്നില്ല. യഹോവയ്ക്ക് നേർന്ന നേർച്ചയിൽ അടിയുറച്ചു നിന്ന യിഫ്താഹും ആ നേർച്ചയ്ക്ക് വിഘാതമായി നിൽക്കാതെ പിതാവിന്റെ അഭീഷ്ടത്തിന് വഴങ്ങിക്കൊടുത്ത ഏകപുത്രിയും വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെയും മകൻ യിസഹാക്കിന്റെയും കാലടികളെ പിന്തുടർന്നിരിക്കുന്നു.

യിഫ്താഹ് തന്റെ മകളെക്കാൾ ഏററവും അധികമായി യഹോവയായ ദൈവത്തെ സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നതായി യിഫ്താഹിന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ''മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ, അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു കിട്ടും.''

(മത്തായി 6:33)

യിഫ്താഹ് ദാവീദിനെപ്പോലെ ഒളിപ്പോരു യുദ്ധത്തിൽ അഭ്യാസം ലഭിച്ചവനായിരുന്നു. എങ്കിലും ദാവീദിന്റെ അത്രയും ജനസമ്മതി ആർജ്ജിച്ചിരുന്നില്ല. യിഫ്താഹിന്റെ അറിവ് തുലോം പരിമിതമായിരുന്നു. തന്റെ തിടുക്കത്തിലുള്ള യഹോവയ്ക്കുള്ള നേർച്ചയും (ന്യായാ. 11:31) തന്റെ ഉടനെയുള്ള മറുപടിയും (ന്യായാ. 12:3) വളരെയധികം വിനാശ ഹേതുക്കളായിരുന്നു.

യിസ്രായേല്യർ തങ്ങളുടെ ജീവിതകാലത്തിന്റെ ഭൂരിഭാഗവും മലകളിൽ ശത്രുക്കളെ ഭയന്ന് കഴിയേണ്ടിവന്നിരുന്നു. തങ്ങളുടെ ശത്രുക്കൾ അത്യാധുനികങ്ങളായ ആയുധ സാമഗ്രികളുമായി സമതല പ്രദേശങ്ങളുടെ നിയന്ത്രണം ഏറെറടുത്തിരുന്നു. യിസ്രായേല്യർ ഒളിപ്പോരിലൂടെ ശത്രു സൈന്യങ്ങളുടെ നിരകളിലേക്കു കടന്ന് ആക്രമിക്കുന്നതിൽ വിജയം കൈവരിച്ചിരുന്നു. ന്യായാധിപന്മാരുടെ കാലത്ത് യിസ്രായേലിനെ ഭരിച്ചിരുന്ന നേതാക്കളിൽ പലരും കറതീർന്നവരെന്നു പറഞ്ഞുകൂടാ. ശിംശോൻ ഫെലിസ്ത്യരിൽ നിന്നും യിസ്രായേല്യരെ രക്ഷിച്ചിരു



കവിത **രക്ഷകസവിധത്തിലേക്ക്**

**സജിവറുഗീസ്. അമയിൽ. മാരാമൺ**

ഹേ! മനുഷ്യാ, നിന്റെ യാത്രയുടെ ലക്ഷ്യമെന്ത്
നീ എവിടേയ്ക്കു പോയിടുന്നു?
വെറുതെ ധനസമയ പ്രയത്നങ്ങൾ
നഷ്ടമാക്കുവാൻ പോകുന്നുവോ നീ?
ലക്ഷ്യമില്ലാതെ ജീവിതത്തിൽ അർത്ഥബോധം
കളഞ്ഞുകുളിച്ച സുഹൃത്തിൻ അംശിയോ നീ?
നൈമിഷിക സുഖങ്ങൾ തേടി നെട്ടോട്ടമോടി
തളർന്നുവീഴുന്ന ആയിരങ്ങളിൽ ഒരുവനോ നീ?
ലക്ഷ്യങ്ങളിലെത്തുവാൻ കൊതിച്ച്, ശ്രമിച്ച്, കിതച്ച്
വീണുപോയ ജീവിതങ്ങളിൽ ഒരുവനോ നീ?
അല്ലല്ലൊ വലിയോരു ലക്ഷ്യത്തിലെത്തിച്ചേരുവാൻ
പങ്കപ്പാടേൽക്കുന്ന വ്യക്തി ഞാൻ
ആകാശവിതാനത്തിൽ മുഴങ്ങിയ ദേവശബ്ദത്താ-
ലാത്മപ്രേരിതനായി
ദിവ്യജാതനെ കണ്ടുവണങ്ങുവാൻ പോയിടുന്നു ഞാൻ
തൃപ്പാദമണഞ്ഞു എന്നുടെ തിരുമുൽക്കാഴ്ചകൾ
കാഴ്ചവച്ച് ജീവിതത്തിൻ അർത്ഥം
നേടുവാൻ ശ്രമിക്കുന്നു ഞാൻ
എങ്കിലും തപ്തമാണ് ഇന്നെന്റെ മാനസം
തവസന്നിധി പ്രാപ്തിതൻ ചിന്തയാൽ
മാറിക്കൊണ്ടിരിക്കുന്ന ജീവിത സാഹചര്യങ്ങളും
മാററത്തിലധിഷ്ടിതമാം മനുഷ്യന്റെ ജീവിതവും

---

ന്നെങ്കിലും സ്ത്രീകളിൽ അമിതാസക്തിയുള്ളവനായിരുന്നു. ഗിദെയോൻ മിദ്യാന്യരെ യുദ്ധത്തിൽ ജയിച്ചെങ്കിലും തന്റെ കാലത്ത് വിഗ്രഹാരാധനയ്ക്ക് അമിത പ്രചാരം ലഭിച്ചിരുന്നു. യിഫ്താഹ് തന്നോടു വിയോജിച്ച സ്വന്ത ജനമായ യിസ്രായേല്യരെ ഉന്മൂല നാശം വരുത്തി. യിസ്രായേലിൽ അവരുടെ പ്രതിസന്ധി ഘട്ടങ്ങളിൽ നേതൃത്വം നൽകിയ നേതാക്കളിൽ പല ന്യൂനതകളും ഉണ്ടായിരുന്നതുപോലെ തന്നെ ജനങ്ങളുടെ ഇടയിൽ വഷളത്വവും ഉണ്ടായിരുന്നു. എങ്കിലും അവർ യിസ്രായേലിനെ ഭരിച്ചിരുന്ന സമയം തങ്ങളുടെ ആപൽ ഘട്ടങ്ങളിൽ ആയിരുന്നതിനാൽ യിഫ്താഹ് തുടങ്ങിയ നേതാക്കളെ കൃതജ്ഞതയോടും ആദരവോടും കൂടിയായിരിക്കും ലോകം സ്മരിക്കുക.

മാററത്തിൽ കാററിലലിഞ്ഞു ചേരുന്ന ദൈവിക ചിന്തയും
ഇന്നെന്റെ യാത്രയ്ക്ക് വിഘ്നമായ് നിൽക്കുന്നു.
എന്നുടെ യാത്രയ്ക്ക് മംഗളം നേരുവാൻ
ആരെയും കണ്ടില്ല ഞാനീയുലകത്തിൽ
മനുഷ്യ സ്പന്ദനങ്ങൾക്കൊന്നുമെ എന്നുടെ യാത്രയ്ക്ക്
ഒരുതിരിവെട്ടം ഏകുവാൻ കഴിയാതെ പോകുന്നു
ഇനിയെത്രകാണണം ഇനിയെത്രദൂരം നടക്കണം
ഈ വിജനപാതയിൽ ആ ലക്ഷ്യത്തിലെത്തുവാൻ
എങ്കിലും ആകാശ വിതാനത്തിലെ ആ
ദേവശബ്ദം ഇന്നെന്റെ യാത്രയ്ക്ക്
ആവേശം പകരുന്നു.
പലപ്പോഴും എന്നുടെ കർമ്മമണ്ഡലത്തിലേക്ക്
മടങ്ങുവാൻ കൊതിച്ചു ഞാൻ
നിന്ദയും ദുരിതവും പരിഹാസവും നിറഞ്ഞ
ജനപഥം വിട്ട് സ്വസ്ഥനായി ഇരിപ്പാൻ കൊതിച്ചു ഞാൻ
എങ്കിലും ഒരു ആശ്വാസമുണ്ടെന്റെ
മനസ്സിൽ ദൈവമേ
വാനിലുദിച്ച താരകമെങ്കിലും ഒരു യാത്രയ്ക്ക്
മാർഗ്ഗദീപമായ് തീരുന്നതിനാൽ
താരക പ്രഭയാൽ ആകർഷിതനായ് ഞാൻ
എന്റെ യാത്ര തുടർന്നീടുന്നു
ഒരു ദുർബ്ബല നിമിഷത്തിൽ എൻ സൃഷ്ടി
ആ താരകത്തിൽ നിന്നകന്നു പോയി
അധികാര മണി മേടയിലേക്ക് എൻതീർത്ഥയാത്രയ്ക്ക്
അന്തം തേടി കടന്നു ചെന്നുഞാൻ
വലിയൊരു കൂട്ടക്കുരുതിക്ക് കേന്ദ്രബിന്ദുവായ്
ഈ കാലുമാററം
ഇനിയും ഇനിയൊരിക്കലും ലോകസുഖങ്ങൾക്ക് മുമ്പിൽ
എൻപാദമിടറുകയില്ല
ലക്ഷ്യപ്രാപ്തിതൻ ശുഭപ്രതീക്ഷകൾ ഇന്നെന്റെ
യാത്രയെ ഭരിച്ചിടുന്നു
മുക്തി തേടിയുള്ള എൻ തീർത്ഥയാത്ര
ഈശനിൽ പൂർണ്ണമതായിടട്ടെ
ഞാൻ എന്റെ യാത്ര തുടർന്നിടട്ടെ
ഏകജാതനെ കണ്ടു നമിച്ചീടട്ടെ.

(വൈദിക സെമിനാരിയിൽ നടത്തപ്പെട്ട പദ്യരചനാ മത്സരത്തിൽ സമ്മാനാർഹമായ കവിത)



## കുടുംബ ജീവിതം (തുടർച്ച)

ഫാ സി. ജെ. ജോർജ്

അല്ലാതെയുള്ള ശിക്ഷയ്ക്ക് ദോഷ ഫലങ്ങളുണ്ടാകാനിടയുണ്ട്. ദോഷഫലങ്ങൾ കൂടുതൽ അധഃപ്പതനത്തിലേക്ക് വഴി വയ്ക്കുകയും ചെയ്യും. 'വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകയ്ക്കുന്നു അവനെ സ്നേഹിക്കുന്നവനൊ ചെറുപ്പത്തിലെ അവനെ ശിക്ഷിക്കുന്നു.' (സദൃ 13:24) എന്നു പറയുന്നത് മുകളിൽ പ്രസ്താവിച്ച തത്വത്തിലായിരിക്കണമെന്ന അർത്ഥം.

ഈക്കാലത്ത് മാതൃപിതൃ വാത്സല്യവും സ്നേഹവും കിട്ടാതെ കുടുംബത്തിൽ പെട്ടവരും അല്ലാത്തവരുമായരോടൊത്തു വളരുന്ന കുട്ടികളും കുറവല്ല. ഉദ്യോഗാർത്ഥം മററു നാടുകളിൽ പോകേണ്ടിവരുന്ന മാതാപിതാക്കൾക്കു പിറക്കുന്ന ഹതഭാഗ്യരായ കുഞ്ഞുങ്ങളാണ് ഈ കൂട്ടർ. ഒന്നോ രണ്ടോ വർഷത്തിലൊരിക്കൽ കുറെ ദിവസങ്ങൾ മാത്രമേ ഇവർ കുട്ടികളെ കാണുന്നുള്ളു കുട്ടികൾ മാതാപിതാക്കളെ കാണുമ്പോൾ അറികയില്ലാത്തതിനാൽ ഓടിമറയുകയും ഭയന്നുകരയുകയും ചെയ്യുന്ന അനുഭവവും ഉണ്ട്. ഇപ്രകാരം വളർത്തപ്പെടുന്ന കുഞ്ഞുങ്ങൾ പ്രായമാകുമ്പോൾ മാതാപിതാക്കളെ കരുതാതെ വന്നാൽ അത്ഭുതപ്പെടേണ്ടതില്ല. കിട്ടേണ്ട സ്നേഹവും വാത്സല്യവും അവർക്ക് കിട്ടിയില്ല. എന്നതിനാൽ അതുകൊടുക്കുവാനും അവരിൽ ഉണ്ടാകുകയില്ല. കഴിവുള്ളിടത്തോളം കുട്ടികൾ മാതാപിതാക്കളോടൊത്ത് വളരുന്നതാണ് ഉത്തമം. 'പത്തമ്മ ചമഞ്ഞാലും പെററമ്മയാകില്ല' എന്നതാണ് സത്യം. കുട്ടികൾ വഷളാകാതിരിപ്പാൻ അപ്പനും അമ്മയും കൂട്ടി വളർത്തണം. ചിലർ മക്കളെ അമിതമായി ലാളിച്ച് വഷളാക്കുന്നു എന്നു പറഞ്ഞാൽ തെററില്ല. തങ്ങളുടെ വ്യക്തിത്വവും പ്രാപ്തിയും വികസിക്കത്തക്ക വിധം കുഞ്ഞുങ്ങളെ വളർത്തി ഉത്തമ പൗരന്മാരാക്കിത്തീർക്കണം. മററു ചിലർ സകലതിനും മക്കളെ ശപിച്ചും അവരെ അപമാനിച്ചു സംസാരിച്ചും വഷളാക്കാറുണ്ട്. അവരിലും വ്യക്തിത്വ വികസനം പ്രയാസമായിരിക്കും. ഒരു തരം അപകർഷതാ ബോധത്താൽ അവർ സമൂഹത്തിൽ നിന്നും അകലുകയായിരിക്കും ഫലം. നടക്കേണ്ട വഴിയിൽ ബാലനെ അഭ്യസിപ്പിച്ചില്ലെങ്കിൽ നടന്നുകൂടാത്ത വഴിയിൽ അവൻ നടക്കുമെന്നത് ഒരു സത്യം മാത്രമാണ്.

അമേരിക്കയിൽ കുട്ടികൾ എന്തു തെററു പ്രവർത്തിച്ചാലും വഷളായാൽപ്പോലും അവരെ ശാസിപ്പാനൊ ശിക്ഷിപ്പാനൊ മാതാ പിതാക്കൾക്ക് അവകാശം

ഇല്ല. അഥവാ ഏതെങ്കിലും മാതാപിതാക്കൾ അവരുടെ കുട്ടികളെ ശിക്ഷിച്ചാൽ Child abuse എന്ന കുറ്റത്തിന് കുട്ടികൾ പരാതിപ്പെട്ടാൽ പോലീസ് മാതാപിതാക്കളെ അറസ്റ്റു ചെയ്യുകയും കോടതി അവരെ ശിക്ഷിക്കുകയും ചെയ്യും. ഇതിന്റെ പ്രതികരണം അവിടുത്തെ കുടുംബ ജീവിതത്തിൽ കാണാനുമുണ്ട്. പടരുന്ന ഒരു ചെടി ഏതു രൂപത്തിലും വളയ്ക്കുവാൻ കഴിയുന്നതുപോലെയാണ് കുട്ടികളുടെ കാര്യവും. സൂക്ഷിച്ചു വളർത്തി നല്ലവരാക്കാം. സൂക്ഷമതയയില്ലാതെ വളർത്തി കൊള്ളരുതാത്തവരും ആക്കാം. മേലുദ്ധരിച്ച കാരണങ്ങളാൽ മക്കളെ നന്നായി വളർത്തുന്നതിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം.

## 3 വിവാഹം

തലമുറകളായി വിവാഹത്തെപ്പറ്റി ഉണ്ടായിരുന്ന മാനദണ്ഡം വളരെയേറെ മാറിയിട്ടുണ്ട്. വിവാഹത്തിൽ സെക്സ് മാത്രമാണ് അനേകരുടെ ചിന്ത. സെക്സ് വിവാഹത്തിലെ ഒരു പ്രധാന ഘടകമാണെങ്കിലും മറ്റു പല പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളുമുണ്ട്. ജീവിതം സുരക്ഷിതമാക്കുക, പരസ്പര സഹായം, സഹകരണം ശുശ്രൂഷ, കരുതൽ, മുതലായ ഉറപ്പാക്കുക. കുടുംബ ജീവിതത്തൽ വിവിധ ഘടകങ്ങളുമായി ചേർന്നു സഹകരിച്ച് പരസ്പരം കീഴടങ്ങി. ത്യാഗമനസ്സോടെ പെരുമാറുക രോഗത്തിലും ദുഃഖത്തിലും പരസ്പരം അനുപൂരകമാവുക അടുത്ത തലമുറയ്ക്ക് ജന്മം നൽകുക മക്കൾക്കുവേണ്ടി കരുതുക മുതലായ പല ഉദ്ദേശങ്ങളും വിവാഹ ജീവിതത്തിലുണ്ട്. നല്ല ഒരു ഭാഗം കുടുംബ ജീവിതവും പരാജയമാണെന്നു പറഞ്ഞാൽ തെററില്ല. പ്രേമ വിവാഹം ഏറിയ കൂറും പരാജയപ്പെടുന്നതായിട്ടാണ് കാണുന്നത്. അതിനു പല കാരണങ്ങളുമുണ്ട്.

സെക്സ് മാത്രമാണ് പ്രേമ വിവാഹത്തിന് യുവാക്കൾക്ക് പ്രേരണ നൽകുന്നത്. നന്നായി പരസ്പരം അറിയാത്തതിനാൽ ഭാവിയിൽ തങ്ങൾ ആഗ്രഹിച്ച പലതു. കിട്ടാതെ വരുമ്പോൾ അന്തഛിദ്രം ഉടലെടുക്കുന്നു. വീട്ടു പ്രശ്നങ്ങളും സാമ്പത്തിക പരാധീനതയും കൂടി ആകുമ്പോൾ കുടുംബം ഒരു നരകമായി മാറുന്നു. ചിലത് വിവാഹ മോചനത്തിലും മററു ചിലത് ആത്മഹത്യയിലും പര്യവസാനിക്കുന്നു. ഇതര ജാതികളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹവും കുറവല്ല വിവാഹിതരാകുന്നതിനുമുമ്പുതന്നെ പരസ്പരം ബന്ധപ്പെട്ട് അവസാനം നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ നടത്തപ്പെടുന്ന രജിസ്ററർ വിവാഹങ്ങൾ അടിസ്ഥാനം തെററിയുള്ളവയായതിനാൽ അധികവും ശുഭപര്യവസായി ആകാറില്ല. അടുത്ത തലമുജയ്ക്ക് ഇതു മാതൃകയും അല്ല.



വധൂവരന്മാരെ അനുഗ്രഹിച്ച് ഭാര്യാ ഭർത്താക്കന്മാരാക്കുന്നത് ദൈവമാണ്. (മത്തായി 19:6) ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്തരുത്.' വിവാഹത്തെപ്പററി വി. പൗലോസ് 1 കോരി 7 ൽ സവിസ്തരം എഴുതിയിരിക്കുന്നത്. ആദരണീയമത്രെ. (എഫേസ്യർ 5:22-23)

എന്നാൽ പരിഷ്കൃതങ്ങളെന്നു പറയപ്പെടുന്ന പല വിദേശ രാജ്യങ്ങളിലും കർത്തൃ കല്പനയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുന്നു ഒരുവന് എത്ര വിവാഹം വേണമെങ്കിലും കഴിയ്ക്കുവാനും വിവാഹ മോചനം നേടുവാനും സാധിക്കും. ആ കാരണത്താൽ പല വിദേശ രാജ്യങ്ങളിലും കുടുംബ ബന്ധങ്ങളും പിതൃ പുത്ര ബന്ധങ്ങളും നാമാവശേഷമായി തീർന്നിരിക്കുകയാണ്. ഇതിനൊക്കെ അപവാദങ്ങളുണ്ടെന്നുള്ള സത്യവും അംഗീകരിക്കുന്നു ഭാര്യാഭർത്താക്കന്മാർ അവരുടെ ബന്ധം വിഛേദിച്ച് ഇഷ്ടാനുസരണം ഇണയെ തെരഞ്ഞെടുക്കുമ്പോൾ ആദ്യ വിവാഹത്തിൽ ജനിച്ച കുട്ടികളുടെ സങ്കടം ആരറിയാൻ? വിദേശ സംസ്കാരം നമ്മുടെ ഇടയിലേക്കും നുഴഞ്ഞു കയറുന്നുണ്ട്. ഇന്നത്തെ മനുഷ്യരുടെ കുടുംബ ജീവിതം പവിത്രമാണെങ്കിൽ ഭാവി തലമുറ നന്നാവുകയൊള്ളു. ആദ്യകാലത്തെ ആവേശമൊ ജഡ ചിന്തയൊ മാത്രമല്ല ആഴമായ മൂല്യങ്ങളാണ് വിവാഹത്തിലേക്ക് നയിക്കേണ്ടത്. അതിനു വേണ്ടപ്പെട്ടവരുടെ സഹകരണവും ആവശ്യമാണ്. അല്ലാത്ത പക്ഷം ചതിവുപററാനിടയുണ്ട്. ആ ചിന്ത വിവാഹ ജീവിതത്തെ നാശത്തിലേക്കു നയിക്കും.

ഒന്ന് അധികം ഒന്ന് സമം ഒരു വലിയ ഒന്ന് എന്നതാണ് വിവാഹത്തിന്റെ തത്വം. അവരിരുവരും ഒരു ശരീരമായിത്തീരും എന്നാണല്ലൊ വേദം സാക്ഷിക്കുന്നത്. പുരുഷനൊ സ്ത്രീയ്ക്കോ സ്വാർത്ഥ ചിന്ത ഉണ്ടായാൽ കുടുംബ ബന്ധം ഉലയാൻ തുടങ്ങും. സ്ത്രീ സമത്വത്തിനുവേണ്ടി സ്ത്രീകൾ മുറവിളി കൂട്ടുന്ന ഈക്കാലത്ത് പല കുടുംബങ്ങളിലും അസ്വസ്ഥതകൾ ഉണ്ടാകാൻ ഇടയുണ്ട്. സ്ത്രീ സമത്വം ഒരു പരിധിവരെ ആകാമെങ്കിലും പരിധി കടന്നാൽ ആപത്താണ്. ദൈവം പുരുഷനെ സൃഷ്ടിച്ച ശേഷം അവനു തക്ക തുണയായിട്ടാണല്ലൊ സ്ത്രീയെ സൃഷ്ടിച്ചത് ആദത്തിന്റെ വാരിയെല്ലിൽ നിന്നും സ്ത്രീയെ സൃഷ്ടിച്ചതിനാൽ പുരുഷന്റെ സംരക്ഷണയിൽ സ്ത്രീ ആയിരിക്കണമെന്നു വ്യാഖ്യാനിക്കുന്നതിൽ അപാകത ഇല്ലല്ലൊ.

ചുരുക്കത്തിൽ എല്ലാ പ്രകാരേണയും ഭാര്യാ ഭർത്തൃബന്ധം പവിത്രവും മാതൃകാപരവും ആയിരിക്കണം. പരസ്പരം കരുതുവാനും, കരുണകാണിപ്പാനും ശിശ്രൂഷിപ്പാനും, അനുപൂരകങ്ങളായി പ്രവർത്തിപ്പാനുമല്ലാതെ മറെറാന്നു ഭാര്യാ ഭർത്താക്ക

ന്മാർ ചിന്തിപ്പാൻ പാടില്ല. ഭർത്താവ് ഭാര്യയുടെ തലയാകുന്നു എങ്കിൽ ഭാര്യ ആ തലയുടെ ഉടലാകുന്നു.

## 4 കുടുംബ പ്രാർത്ഥനയും ആരാധനാ ജീവിതവും

കുടുംബ പ്രാർത്ഥനയും ആരാധനാ ജീവിതവും കുടുംബത്തെ സുസ്ഥിരവും സുരക്ഷിതവും ആക്കിത്തീർക്കുന്നു. വിവാഹ ജീവിതം പരാജയപ്പെടുന്ന പല ഭവനങ്ങളിലും ഇവരണ്ടും ഇല്ല എന്നു മനസ്സിലാക്കാം. ഈ വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ കാണാവുന്നതാണ്.

1 ഒരു കുടുംബത്തിലുള്ളവർ പ്രാർത്ഥനാ സമയത്ത് വിവിധ സ്ഥാനങ്ങളിൽ ഇരുന്ന് അലസമായി പ്രാർത്ഥന ചൊല്ലിത്തീർക്കുന്നവർ ചെയ്യുന്നതിനെ കുടുംബ പ്രാർത്ഥന എന്നു പറവാൻ സാധ്യമല്ല. പ്രത്യേകമായി വേർതിരിക്കപ്പെട്ട മുറിയിൽ എല്ലാവരും ഒന്നിച്ചുകൂടി ശ്രദ്ധയോടെ പ്രാർത്ഥിക്കുന്നതാണ് കുടുംബ പ്രാർത്ഥന. ഏററവും പ്രായം കൂടിയ ആൾ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകും.
'The family that prays together stays together'
എന്നാണ് പറയാറുള്ളത്.

2 വീട്ടിൽ ഒന്നോ രണ്ടോ പേർ ഒന്നിച്ചു പ്രാർത്ഥിക്കുകയും മററുള്ളവർ അവരവരുടേതായ പ്രവൃത്തികളിലേർപ്പെടുകയും ചെയ്യുന്നത് തികച്ചും അപലപനീയമത്രെ.

3 ഓരോ ഭവനത്തിൽത്തന്നെ വിവിധ ക്രിസ്തീയ സഭാ വിഭാഗത്തിൽപ്പെട്ടവർ ഉണ്ടെങ്കിൽ വിവിധതരത്തിൽ വിവിധ സ്ഥലങ്ങളിലിരുന്ന് പ്രാർത്ഥിക്കുന്നു. ഇങ്ങനെയുള്ള വീട്ടിലെ ഇളം തലമുറ പതറും. ദൈവ ചിന്ത പോലും ഇല്ലാത്തവരായി അവർ വളരുന്നെങ്കിൽ അവരെ കുററം പറയേണ്ടതില്ലല്ലൊ.

4 പ്രാർത്ഥിപ്പാൻ അറിവില്ലാത്തതിനാൽ പ്രാർത്ഥിക്കാത്തവരും മററുള്ളവർ പ്രാർത്ഥിക്കുമ്പോൾ നിശബ്ദരായും ശ്രദ്ധിക്കാതെയും ഇരിക്കുന്ന പ്രവണത ചിലരിൽ കാണുന്നു.

5 കുടുംബത്തലവൻ മുമ്പിൽ നിന്നും പ്രാർത്ഥിക്കുമ്പോൾ പിന്നിൽ നിൽക്കുന്നവർ ഭിത്തിയിൽ ചാരി നിന്ന് ഗാഢ നിദ്രയിലമരുന്നു.

6 കിടന്നുറങ്ങാൻ പോകുമ്പോൾ ഒന്നു കുരിശുവരച്ചിട്ട് ദൈവമെ! എന്നു വിളിച്ച് കൃതാർത്ഥതയോടെ ചിലർ ഉറങ്ങുന്നു.

7 ദൈവ വിശ്വാസമുണ്ടെങ്കിലും ഒരിക്കലും പ്രാർത്ഥിക്കാത്തവർ അനവധിയാണ്. മാമോദീസാ, വിവാഹം, ശവസംസ്കാരം എന്നിവയ്ക്കു മാത്രമെ ഈ കൂട്ടർക്ക് പള്ളി ആവശ്യമുള്ളു.

8 ആപത്തിൽ നന്നായി പ്രാർത്ഥിക്കുകയും ആപത്തൊഴിയുമ്പോൾ പ്രാർത്ഥനയ്ക്ക് മടികാണിക്കുകയും ചെയ്യുന്നവർ കുറവല്ല.



9 പ്രാർത്ഥിച്ചു എന്ന് മററുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി പ്രാർത്ഥിക്കുന്നവരുണ്ട്. ഇത്തരം പ്രാർത്ഥനയിൽ ആത്മാർത്ഥത കുറവായിരിക്കും.

10 ദൈവം നല്ല ദാനങ്ങളെ കൊടുക്കുമ്പോൾ പ്രാർത്ഥിക്കുന്നവരുണ്ട്. അവർ ദൈവത്തേക്കാളുപരി ദൈവിക ദാനങ്ങളെയാണ് സ്നേഹിക്കുന്നത്.

അതുപോലെ ആരാധനാ ജീവിതത്തിലും മാതാപിതാക്കന്മാരുടെ ചുവട് ഇളം തലമുറ പിൻപററത്തക്കവിധം മാതൃകാപരമായിരിക്കണം. മുതിർന്നവർ ഒന്നിച്ചു പള്ളിയിൽ പോവുകയും കുമ്പസാരം നടത്തുകയും, വി. കുർബ്ബാന അനുഭവിക്കുകയും ചെയ്യുമ്പോൾ ഇളം തലമുറയും അങ്ങനെയൊക്കെത്തന്നെ ചെയ്യും. ആരാധനയും കൂദാശാ ജീവിതവും ക്രിസ്തീയ ജീവിതത്തിന്റെ ആണിക്കല്ലാണ്. വി. യൗസേപ്പും വി. കന്യകാമറിയവും ബാലനായ യേശുവിനെയും കൂട്ടിയാണല്ലൊ പള്ളിയിൽ പോയത്. ബാല്യ ഹൃദയത്തിൽ ഭക്തിയുടെയും ആരാധനയുടെയും വിത്തുപാകേണ്ടത് മാതാപിതാക്കളത്രെ. ലോക ഇമ്പങ്ങളിൽ അമിത താല്പര്യം ഉള്ള ഒരുവന് വിശ്വാസ കാര്യങ്ങളിൽ നന്നായി ശ്രദ്ധിപ്പാൻ കഴിയുകയില്ല. 'മുമ്പേഗമിക്കുന്ന ഗോവു തന്റെ പിമ്പേഗമിക്കും ബഹു ഗോക്കളെല്ലാം' എന്നുപറയുന്നതു പോലെ അങ്ങനെയുള്ളവരുടെ സന്തതിപരമ്പരകളും മിക്കവാറും അങ്ങനെ തന്നെ ആകുവാനാണ് കൂടുതൽ സാദ്ധ്യത. ദൈവ സ്നേഹരാണ് പ്രാർത്ഥന ആരാധന മുതലായവയിലേക്ക് ഒരുവനെ വഴി നടത്തേണ്ടത്. അല്ലാത്തവൻ ലോക കാര്യങ്ങളിൽ മാത്രം വ്യാപൃതനായിരിക്കും. കുടുംബ സമാധാനത്തിന് ആത്മീയ വളർച്ച അനുപേക്ഷണീയമാണ്.

## 5 ക്ഷമാശീലം

ക്ഷമാശീലം അഥവാ അധികമായി കോപിക്കാത്ത അവസ്ഥയാണ് ഒരു മനുഷ്യന്റെ ജീവിതത്തിൽ സമാധാനം നിലനിർത്തുന്നത്. മുൻ കോപിയുടെ മനസ്സ് എല്ലാപ്പോഴും കലങ്ങി മറിയുന്ന കടൽപോലെയാണ്. കോപം തിരുത്താനാവാത്ത പല നാശങ്ങളും വരുത്തി വയ്ക്കും. കോപിക്കുകയോ മററുള്ളവരെ കോപിപ്പിക്കുകയോ ചെയ്യരുത്.

കോപം കൊണ്ടു ഗുണമില്ലെന്നു തന്നെയല്ല ദോഷങ്ങൾ അനവധി ഉണ്ട്.

1 കോപം അരുതാത്ത കാര്യങ്ങൾ ചെയ്യുവാനും പറയുവാനും ഇടയാക്കുന്നു.

2 കോപം കലഹത്തിനു കാരണമാക്കുന്നു.

3 കോപം ഹൃദയ സമാധാനം ഇല്ലാതാക്കുന്നു.

4 കോപം മിത്രങ്ങളെ ശത്രുക്കളാക്കുന്നു.

5 കോപം ദുഷ്പേരുണ്ടാക്കുന്നു.

(തുടരും)

# സുപ്രധാനമായ സുപ്രീം കോടതി വിധി

സഭാക്കേസിൽ ജൂൺ 20-ാം തീയതി സുപ്രീം കോടതിയുടെ മൂന്നാംഗബഞ്ച് സുപ്രധാനമായ ഒരു വിധിയിലൂടെ പ. കാതോലിക്കാ ബാവാ ശരിയായ മലങ്കര മെത്രാപ്പോലീത്താ ആണെന്ന് പ്രഖ്യാപിച്ചു.

വിധിയുടെ രത്നച്ചുരുക്കം ചുവടെ ചേർക്കുന്നു.

1 കാനോനെ സംബന്ധിച്ചുള്ള ഒരു തീരുമാനം എടുക്കേണ്ടതില്ല.

2 1912 ൽ കാതോലിക്കേറ്റ് സ്ഥാപിച്ചപ്പോൾ പുറപ്പെടുവിച്ച സ്താത്തിക്കോൻ, 1958 ലെ സുപ്രീം കോടതിവിധി എന്നിവയുടെ വെളിച്ചത്തിൽ കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനത്തെ പാത്രിയർക്കീസ് പക്ഷത്തിന് ചോദ്യം ചെയ്യാൻ അവകാശം ഇല്ല

3 1934 ലെ ഭരണ ഘടനയുടെ നിയമപരമായ സാധുതയെ ചോദ്യം ചെയ്യാൻ പാത്രിയർക്കാ വിഭാഗത്തിന് അവകാശം ഇല്ല.

4 1958 ലെ സ്വീകരണ കല്പന പാത്രിയർക്കീസ് പുറപ്പെടുവിച്ചതുകൊണ്ട് കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനവും അബ്ദൽ മിശിഹായുടെ സ്താത്തിക്കോനും 1934 ലെ ഭരണ ഘടനയും 1958 ലെ സുപ്രീം കോടതിവിധിയും പാത്രിയർക്കാ വിഭാഗം അംഗീകരിച്ചതായി വ്യക്തമാകുന്നു.

5 കാതോലിക്കായുടെ കല്പനകളിലും എഴുത്തുകളിലും ഹോളിനസ് എന്ന് പ്രയോഗിക്കുന്നതിലും ''തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന'' എന്നുള്ള ബഹുമാന സൂചകമായ പദത്തെ പാത്രിയർക്കാ വിഭാഗം എതിർക്കുന്നതിന് ന്യായീകരണം ഇല്ല.

6 മലങ്കര സഭയുടെ സുന്നഹദോസിന്റെ കാനോനിക നിയമ പ്രകാരമുള്ള ക്ഷണ പ്രകാരം മലങ്കരയിൽ വന്ന് 1964 മെയ് 22 ന് കാതോലിക്കാ സ്ഥാനാരോഹണത്തിൽ പങ്കെടുത്തതിനാൽ കാതോലിക്കാ പക്ഷത്തെക്കുറിച്ചുള്ള എല്ലാ എതിർവാദങ്ങളും ആക്ഷേപങ്ങളും പാത്രിയർക്കീസ് പിൻവലിച്ചതായി കണക്കാക്കേണ്ടതാണ്.

7 1934 ലെ ഭരണ ഘടന മലങ്കര സഭയിലെ എല്ലാ ഇടവകപ്പള്ളികളെയും ബാധിക്കുന്നതാണ്.

8 പാത്രിയർക്കീസും കാതോലിക്കോസും സമന്മാരാകയാൽ കാതോലിക്കോസിനെ മുടക്കാൻ പാത്രിയർക്കീസിനധികാരമില്ല.

9 1970 ലെ കാതോലിക്കാ തെരഞ്ഞെടുപ്പ്, 1975 ലെ മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ സ്ഥാനാരോഹണം, 1991 ലെ മാത്യൂസ് ദ്വിതീയന്റെ തെരഞ്ഞെടുപ്പ്, സ്ഥാനാരോഹണം എന്നിവ നിയമപരമായതിനാൽ അവയെ ചോദ്യം ചെയ്യാൻ ആവില്ല.



# പാപത്തിൽ നിന്നുമുള്ള അകൽച്ച

വി. വറുഗീസ്, മുളക്കുഴ

''അധികം തിന്മയായതു സംഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്'' (വി. യോഹന്നാൻ 5:14)

യേശുതമ്പുരാൻ താൻ സൗഖ്യമാക്കിയ രോഗിയെ ദേവാലയത്തിൽ വച്ചു കണ്ടപ്പോൾ പറഞ്ഞ ഭാഗമാണ് ഈ ലേഖനത്തിന്റെ ആമുഖം.

38 സംവത്സരമായി യെരുശലേമിൽ ആട്ടുവാതിൽക്കൽ ബേഥെസ്ദാ എന്ന കുളക്കരയിൽ ഇതര രോഗികളോടൊത്ത് കിടന്നിരുന്ന മനുഷ്യന്റെ നിസ്സഹായാവസ്ഥ കണ്ടിട്ട് അവനോട് നീ നിന്റെ കിടക്ക എടുത്ത് നടക്ക എന്നു പറഞ്ഞു. ഉടനെ അവൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു.

യഹൂദ പ്രമാണികളുടെ നിശിത വിമർശനത്തിന് ഇടയാക്കിയ ഈ സംഭവം ഒരു ശാബത് ദിവസമായിരുന്നുവല്ലോ നടന്നത്. തന്നെ സൗഖ്യമാക്കിയ സമയം ഏറിയ പുരുഷാരം ഉണ്ടായിരിക്കയാൽ യേശു മാറിക്കളഞ്ഞതിനാൽ സൗഖ്യമാക്കിയത് ആരെന്ന് അവന് വ്യക്തമായി കാണുവാൻ കഴിഞ്ഞില്ല. അവനെ സൗഖ്യമാക്കിയവൻ കിടക്ക എടുത്തു നടക്ക എന്നു പറഞ്ഞു എന്നല്ലാതെ മറ്റൊന്നും അവന് അറിഞ്ഞുകൂടായിരുന്നു.

യറുശലേം ദേവാലയത്തിൽ വച്ച് അവനെ കണ്ടപ്പോൾ യേശു അവനോട് ''നോക്കൂ നിനക്ക് സൗഖ്യമായല്ലോ; അധികം തിന്മയായത് ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്.''
(വി. യോഹന്നാൻ 5:14)

നന്മയുടെ മറുവശമാണല്ലോ തിന്മ. നന്മയിൽ ദൈവം പ്രസാദിക്കുന്നു. തിന്മ ചെയ്യുന്നവനിൽ ദൈവം പ്രസാദിക്കുന്നില്ല തിന്മ ചെയ്യുവാനുള്ള മനുഷ്യന്റെ ജന്മ സിദ്ധമായ വാസന എവിടെയും കാണുവാൻ കഴിയും. തിന്മയുടെ ഫലം നാശം തന്നെ. ആദ്യമൊക്കെ തിന്മയ്ക്ക് അനുകൂലമായ പ്രോത്സാഹനം ലഭിച്ചെന്നു വരും. എന്നാൽ ആത്യന്തികമായി നന്മ തിന്മയെ അതിജീവിക്കുന്നതായി ലോക ചരിത്രം വെളിപ്പെടുത്തുന്നുണ്ട്

ദൈവം ഹാബേലിന്റെ വഴിപാടിൽ പ്രസാദിച്ചു. ദൈവം കായീന്റെ വഴിപാടിൽ പ്രസാദിച്ചില്ല എന്നു കണ്ടപ്പോൾ കായീന്റെ മുഖം വാടി. ദൈവം കായീനോട് ''നീ കോപിക്കുന്നതും നിന്റെ മുഖം വാടുന്നതും എന്ത്? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്കാകുന്നു. നീയോ അതിനെ കീഴടക്കണം'' എന്നു കല്പിച്ചു. (ഉല്പത്തി 4:6-7)

ചരിത്രാരംഭം മുതൽ നന്മയും തിന്മയും മനുഷ്യന്റെ സഹസഞ്ചാരിയത്രേ. യിസ്രായേൽ മക്കളെ മിസ്രയീമിൽ

നിന്നും വഴിനടത്തിയത് മോശയും അഹരോനും അവരുടെ നേതാക്കളും ഉപദേശകരുമായിരുന്നല്ലോ. നീണ്ട മരുയാത്രയിൽ കൂടെക്കൂടെ പാപത്തിലേക്ക് വഴുതി വീണുകൊണ്ടിരിക്കുന്ന യിസ്രായേല്യരെ മോശയും അഹരോനും സമയാസമയങ്ങളിൽ ദൈവത്തിൽ നിന്നും ലഭിച്ച ദൂതു മുഖേന ധൈര്യപ്പെടുത്തി മുൻപോട്ടുള്ള പ്രയാണം സുഗമമാക്കിത്തീർത്തു. എങ്കിലും ഒരു വലിയ കൂട്ടത്തിന് വാഗ്ദത്ത ദേശമായ കനാനിൽ എത്തുവാൻ കഴിയാതെപോയത് തങ്ങളുടെ അവിശ്വാസത്തിന്റെ ഫലമായി രൂപം പ്രാപിച്ച പാപത്തിന്റെ ഫലം ആയിരുന്നു.

സീനായ് മലയിൽ നിന്ന് മോശ തിരിച്ചുവരുവാൻ വൈകുന്നതു കണ്ടു യിസ്രായേല്യർ മോശയെ പഴിക്കുകയും ദൈവകോപത്തിനിടവരും വിധം തങ്ങളെത്തന്നെ പാപത്തിന്റെ അടിമകളാക്കിത്തീർക്കുകയും ചെയ്തു. മോശ പർവ്വതത്തിൽ നിന്നും ഇറങ്ങി. സാക്ഷ്യത്തിന്റെ പലകകൾ രണ്ടും അവന്റെ കരങ്ങളിൽ ഉണ്ടായിരുന്നു. പലക ദൈവത്തിന്റെ കൈവേലയും പലകയിൽപ്പതിഞ്ഞ എഴുത്തുകൾ ദൈവത്തിന്റേതുമായിരുന്നു. ജനങ്ങളുടെ ആർപ്പുവിളി മോശയുടെ കാതുകളിൽ വന്നലച്ചു. യിസ്രായേല്യർ കാട്ടിക്കൂട്ടുന്ന വിക്രീയകൾ കണ്ട് മോശ അതീവ ദുഃഖിതനായി. അവൻ ലേവ്യരെക്കൊണ്ട് വലിയൊരു സംഹാരം തന്നെ നടത്തിച്ചു. ഏകദേശം മൂവായിരത്തോളം ആളുകൾ അന്ന് വാളിന്റെ വായ്ത്തലയ്ക്ക് ഇരയായി. (പുറപ്പാട് 32:15-29)

ദൈവനീതി യിസ്രായേലും അയൽ സംസ്ഥാനങ്ങളും ലംഘിച്ചപ്പോൾ ദൈവം ആമോസ് പ്രവാചകനിൽക്കൂടി അവരോട് സംസാരിച്ചു. ''അനീതി പ്രവർത്തിക്കുന്നതു മതിയാക്കുക ദൈവനീതി സാധുക്കളിൽ എത്തിക്കുക സാമൂഹ്യ ബോധമുള്ളവരായി ജീവിക്കുക അനീതിയുടെയും അധർമ്മത്തിന്റെയും വഴികൾ ഉപേക്ഷിക്കുക കൈക്കൂലി, മദ്യപാനം, സുഖലോലുപത്വം, മർദ്ദനം, കൊള്ള കൊലപാതകം, വിശ്വാസ വഞ്ചന തുടങ്ങിയ ദുർശ്ശീലങ്ങൾ വെടിയുക'' ഈ വിധത്തിലുള്ള ആമോസിന്റെ താക്കീത് ദൈവ കല്പനയാണെന്ന് അവർക്ക് മനസ്സിലാക്കുവാൻ കഴിയാതെവന്നു.

യെരോബെയാമിന്റെ ഭരണകാലത്ത് യിസ്രായേൽ സമ്പന്നവും ഐശ്വര്യ സമ്പൂർണ്ണവുമായിരുന്നു. അയൽ രാജ്യങ്ങളായിരുന്ന സിറിയാ, ഫെലിസ്ത്യാ, ഏദോം, അമ്മോൻ, മോവാബ്, യഹൂദ തുടങ്ങിയവ പരസ്പരം അതിർത്തി ലംഘനം നടത്തി ആക്രമാസക്തി, അടിമ വ്യാപാരം തുടങ്ങിയവയാൽ സാർവ്വദേശീയ നിയമങ്ങളെ കാററിൽ പറത്തി. യിസ്രായേൽ യെരോബെയാമിന്റെ കാലത്ത് പട്ടാളമേധാവികൾക്ക് ജനങ്ങളെ ഞെക്കിപ്പിഴി



ഞ്ഞുണ്ടാക്കുന്ന ആദായത്തിന്റെ വിഹിതം ലഭിച്ചിരുന്നു. ഗവർമ്മെന്റ് ഉദ്യോഗസ്ഥന്മാരും ജനങ്ങളെ ചൂഷണം ചെയ്തിരുന്നു. കച്ചവടക്കാർ ഗോതമ്പിൽ പതിർ ചേർത്തു വിററു. കള്ളത്തുലാസ് ഉപയോഗിച്ച് വ്യാപാരികൾ കച്ചവടം നടത്തി. ന്യായാധിപന്മാർ കൈക്കൂലി വാങ്ങി. മാറി മാറിവരുന്ന കാലത്തിനനുസരണമായി കെട്ടിടങ്ങൾ പണികഴിപ്പിച്ചു. മൃഷ്ടാന്ന ഭോജനം, ആനക്കൊമ്പ് പതിച്ച നയനമനോഹരമായ കട്ടിൽ, പട്ടുമെത്ത എന്നിവയെല്ലാം ധനികരുടെ അവശ്യ വസ്തുക്കളായി. പാവങ്ങളെ പീഡിപ്പിച്ച് ധനം സമ്പാദിക്കാൻ സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരെ പ്രേരിപ്പിച്ചു. സദാചാര മൂല്യങ്ങൾക്കോ, നീതിയ്ക്കോ, സ്നേഹത്തിനോ സ്ഥാനമില്ലാതെയായി.

യിസ്രായേലിലും പരിസര പ്രദേശങ്ങളിലുമുള്ള കുററകൃത്യങ്ങൾ ജനങ്ങളുടെ ഇടയിൽ നിരത്തിയ ശേഷം ആമോസ് പ്രവാചകൻ അതിനുള്ള ശിക്ഷാവിധികളും അവരുടെ മുമ്പാകെ നിരത്തി പലവട്ടം ആമോസിൽക്കൂടി ദൈവം ജനത്തോട് സംസാരിച്ചെങ്കിലും, കേൾക്കുവാൻ, അനുസരിക്കുവാൻ ജനങ്ങൾക്ക് കഴിയാതെ പോയി. (ആമോസ് 5:11-13, 5:18-20, 4:1-3) ദൈവം അവസാനം അവരെ ശിക്ഷിച്ചു യിസ്രായേലിന് ആപത്തുവന്നു. അവർ ബേഥേലിലെ ദേവാലയത്തിൽ ഓടിക്കൂടി. യഹോവയുടെ കല്പന പ്രകാരം ദേവാലയത്തിന്റെ തൂണുതകർന്നു. അനേകം പേർ മൃത്യുവിന്നിരയായി. അവരുടെ സന്താനങ്ങളും പരലോകം പൂകി. ദൈവേഷ്ടം അവഗണിച്ച് ജീവിക്കുന്നവരുടെ അനുഭവം ഇതു തന്നെ അവർ പാതാളത്തിൽ തുരന്നു കടന്നാലും അവിടെ നിന്ന് അവന്റെ കൈ അവരെ പിടിക്കും. അവർ ആകാശത്തിലേക്ക് കയറിപ്പോയാലും അവിടെ നിന്ന് അവൻ അവരെ ഇറക്കും. അവർ കർമ്മേലിന്റെ കൊടുമുടിയിൽ ഒളിച്ചിരുന്നാലും ഞാൻ അവരെ തിരഞ്ഞ് അവിടെ നിന്നും പിടിച്ചുകൊണ്ടുവരും. അവർ എന്റെ ദൃഷ്ടിയിൽ നിന്ന് സമുദ്രത്തിന്റെ അടിയിൽ മറഞ്ഞിരുന്നാലും ഞാൻ അവിടെ സർപ്പത്തോടു കല്പിച്ചിട്ട് അത് അവരെ കടിക്കും. അവർ ശത്രുക്കളുടെ മുൻപാകെ പ്രവാസത്തിലേക്കുപോയാലും ഞാൻ അവിടെ വാളിനോട് കല്പിച്ചിട്ട് അത് അവരെ കൊല്ലും. നന്മയ്ക്കായിട്ടല്ല തിന്മയ്ക്കായിട്ടു തന്നെ ഞാൻ അവരുടെ മേൽ ദൃഷ്ടിവയ്ക്കും (ആമോസ് 9:2-4) ത്ന്മയുടെ ഫലം മേല്പറഞ്ഞ ഉദ്ധരണികളിൽ നിന്നും വ്യക്തമാണല്ലോ.

അടുത്ത സമയത്ത് ഈ ലേഖകൻ ഒരു യാത്രാമദ്ധ്യേ ഒരിടത്തിറങ്ങി ഒരു ബാല്യകാല സുഹൃത്തിനെ അന്വേഷിക്കുകയുണ്ടായി. അയാൾ ഇഹലോകവാസം വെടിഞ്ഞവിവരം അറിഞ്ഞ്

പരേതന്റെ ഭവനത്തിൽ എത്തി അനുശോചനം അറിയിച്ചു. പരേതന്റെ വേർപാട് എന്നെ വളരെയേറെ ദുഃഖിതനാക്കി. നല്ല ഒരു ചെറുപ്പക്കാരൻ തിന്മയുടെ വഴിത്താരകളിൽ സഞ്ചരിച്ച് വിലപ്പെട്ട ജീവിതം നശിപ്പിച്ചു. നാട്ടുകാർക്കും വീട്ടുകാർക്കും ദുഃഖത്തിനിടയാക്കിയ പരേതന്റെ അകാല വേർപാട് പ്രിയ മാതാപിതാക്കളെയും അപഹരിച്ചു. പിഴച്ച പാത തേടി, അവിഹിത ബന്ധം പുലർത്തി. മദ്യത്തിന്റെയും മയക്കു മരുന്നുകളുടെയും ഊരാക്കുരുക്കുകളിൽ കുരുങ്ങി സ്വന്തം വിലപ്പെട്ട ജീവിതം എന്നുമെന്നേക്കുമായി നഷ്ടപ്പെടുത്തി. ജീവിതത്തിൽ നന്മ കണ്ടെത്തുവാൻ കഴിയാതെ പോയ ദുഃഖപര്യവസായി ആയ ആ സംഭവം കേട്ട് ഞാൻ തരിച്ചിരുന്നു പോയി. 'തിരുവചനം പ്രമാണിക്കുന്നവൻ നന്മ കണ്ടെത്തും. യഹോവയിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ (സദൃശവാക്യങ്ങൾ 16:20) യേശുതമ്പുരാന്റെ വചനം വീണ്ടും മനസ്സിൽ ഉയർന്നു. 'അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്.'

ഇന്ന് യുവജനങ്ങളിൽ ഭൂരിഭാഗവും സ്വന്തം വഴികളിൽ യഥേഷ്ടം സഞ്ചരിക്കുന്നവരാണല്ലോ. ഉററവരും സ്നേഹിതരും ഉപദേശിച്ചാൽ തന്നെയും വിലപ്പോകാത്തകാലം. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽ കലഹപ്രിയരും മാതാപിതാക്കളെ അനുസരിക്കാത്തവരും അവരെ കയ്യേററം ചെയ്യുവാൻ പോലും മടികാട്ടാത്തവരും ഉൾപ്പെട്ട ഈ ലോകത്തോട് തന്നെയാണ് യേശുതമ്പുരാന്റെ വിലപ്പെട്ട ഉപദേശം വിരൽ ചൂണ്ടുന്നത്. ആയതിനാൽ നമുക്കിങ്ങനെ പ്രാർത്ഥിക്കാം. അധികം തിന്മയായത് ഭവിക്കാതിരിക്കാൻ പാപത്തിൽ നിന്ന് എന്നെ കാത്തുകൊള്ളണമെ.' എന്ന്. മറിച്ചാണ് ഭാവമെങ്കിൽ നിത്യരോഗത്തിലേക്കു വഴുതി വീണ അകാലത്തിലുള്ള ജീവനാശമാണ് വന്നു ഭവിക്കുക. അതുണ്ടാകരുതെ എന്നു പ്രാർത്ഥിക്കാം.

ദൈവപുരുഷനായ എലീശായുടെ ബാല്യക്കാരൻ ഗേഹസി 'ആരാമ്യ നയമാൻ കൊണ്ടുവന്നത് എന്റെ യജമാനൻ അവന്റെ കയ്യിൽ നിന്നുവാങ്ങാതെ വിട്ടുകളഞ്ഞുവല്ലോ. യഹോവയാണ ഞാൻ അവന്റെ പിന്നാലെ ഓടിച്ചെന്ന് അവനോട് അല്പമെങ്കിലും വാങ്ങുമെന്നു പറഞ്ഞു. (2 രാജാക്കന്മാർ 5:20) ഗേഹസി നയമാനെ പിന്തുടർന്ന് 2 താലന്ത് വെള്ളിയും 2 കൂട്ടം വസ്ത്രവും വാങ്ങി. എലീശയുടെ അനുമതികൂടാതെ പാപം ചെയ്യുവാൻ പ്രേരിതനായ ഗേഹസിയുടെ ധനതൃഷ്ണ അവനെ എന്നേക്കുമായി കുഷ്ടരോഗിയാക്കിത്തീർത്തു.

അപ്പോസ്തോലന്മാർ പരിശുദ്ധാത്മശക്തിയോടെ വചനശുശ്രൂഷ നടത്തിക്കൊണ്ടിരിക്കവെ വിശ്വസിച്ചവരുടെ കൂട്ടം എല്ലാം പൊതു മുതലെന്ന് കരുതി വീടുകളുടെയും നിലങ്ങളു



# പരിത്യാഗം

നീ ചെന്ന് നിനക്കുള്ളത് വിററ് ദരിദ്രർക്ക് കൊടുക്കുക
(വി. മത്തായി 19:21)

സി. എം. തങ്കച്ചൻ
ദിവ്യബോധനം, സെൻട്രൽ ഓർഗനൈസർ

ക്രിസ്തുവിന്റെ ശിഷ്യത്വത്തിന് ധനം ഒരു പ്രതിബന്ധമായിത്തീരാമെന്നുള്ള സ്പടമാണ് യേശുവിനെ സമീപിച്ച ധനിക യുവാവിന്റേത്. അവൻ പ്രതീക്ഷയോടെ വന്ന് നിരാശനായി പിന്തിരിഞ്ഞുപോയി. ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും ഈ സംഭവം വിവരിക്കുന്നുണ്ട്. ലോകപ്രകാരം അഭികാമ്യമെന്ന് തോന്നാവുന്ന പലതും യേശുവിനെ സമീപിച്ച യുവാവിനുണ്ടായിരുന്നു. ധനികനാണ്, പ്രമാണിയാണ്, സന്മാർഗിയാണ്. എങ്കിലും അവനിലുയർന്ന അസംതൃപ്തിയും ആത്മിക ദാഹവും യേശുവിന്റെ അടുക്കലേക്കവനെ ആനയിച്ചു. നിത്യ ജീവൻ അവകാശിക്കുവാൻ കല്പനകൾ പാലിച്ചാൽത്തന്നെ [illegible], പണമോ ഭൗതിക സമ്പത്തിലേക്കുള്ള അമിത ആസക്തി [illegible] വെടിയേണമെന്നാണ് യേശുവിന്റെ പക്ഷം.

തനിക്കുള്ളതെല്ലാം വിററ് വിലയേറിയ മുത്തു വാങ്ങിക്കാൻ ശ്രമിച്ച രത്നവ്യാപാരിയെ ഓർക്കുവല്ലോ (മത്തായി 13:45-46)

---

ടെയും ഉടമകൾ അവ വിററു കിട്ടിയ പണം കൊണ്ടുവന്ന് അപ്പോസ്തോലന്മാരുടെ കാൽക്കൽ വച്ചു. അനന്യാസും ഭാര്യ സഫീറയും തങ്ങളുടെ നിലം വിററ കാശിൽ കുറെ എടുത്തു. ബാക്കി വന്നതുക അപ്പോസ്തോലന്മാരുടെ കാൽക്കൽ വച്ചു. പരിശുദ്ധന്മാരോട് വ്യാജം കാണിക്കാൻ തക്കവണ്ണം അനന്യാസും സഫീറയും പാപം ചെയ്കയാൽ ഇരുവരും തിന്മയുടെ ഫലം അനുഭവിക്കേണ്ടി വന്നു. (അ. പ്രവൃത്തികൾ 5:3-6, 8-10)

മുകളിൽ ഉദ്ധരിച്ച വാക്യങ്ങളിൽ തിന്മകളുടെ ഫലം എന്തെന്ന് വിശുദ്ധ വേദപുസ്തകം ലോകത്തെ പഠിപ്പിക്കുന്നു. എന്നിട്ടും തിന്മയിലേക്കാണ് പ്രയാണമെങ്കിൽ രക്ഷിക്കുവാൻ ആർക്കും സാധിച്ചെന്നുവരില്ല. നിത്യനരകയാതനകളായ മാറാവ്യാധികളിൽ നിന്നും രക്ഷ നേടാനുള്ള ഏക മാർഗ്ഗം യേശുനാഥന്റെ ദിവ്യോപദേശമാണ്. ''അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്.'' എന്ന ഉപദേശത്തെ പിൻപററിക്കൊണ്ട് ജീവിക്കുവാൻ നാമോരോരുത്തർക്കും ശ്രമിക്കാം.

★

വിലയേറിയത് ലഭിക്കാൻ വേണ്ടി തനിക്കുള്ളതെല്ലാം അയാൾ വ്യയം ചെയ്യുന്നു. പക്ഷേ ധനവാനായ യുവാവ് തന്റെ സമ്പാദ്യത്തെ അതിരുകടന്ന് സ്നേഹിക്കുകയാൽ നിത്യജീവനെ നഷ്ടപ്പെടുത്തി. യേശുവിന്റെ വെല്ലുവിളി സ്വീകരിക്കുവാൻ കഴിയാതെ നിരാശനായി പിൻവാങ്ങിയ യുവാവിന്റെ അനുഭവം ധനത്തിന്റെ അപകടത്തെക്കുറിച്ച് ശിഷ്യന്മാരെ ബോധിപ്പിക്കുവാൻ യേശുവിന് കഴിഞ്ഞു. ധനത്തിൽ മാത്രം കണ്ണു നട്ടു ജീവിക്കുന്നവൻ ദൈവോദ്ദേശത്തിന് വിരുദ്ധമായി ധനം കൈകാര്യം ചെയ്യുന്നവൻ ദൈവരാജ്യത്തിൽ പ്രവേശിക്കുക എന്നത് ദുഷ്കരമായ കാര്യമാണ്. ഒട്ടകത്തിന് ഒരു സൂചികുഴയിലൂടെ കടക്കാനാവാത്തതുപോലെ ധനികന്റെ ദൈവരാജ്യ പ്രവേശനവും ദുസാധ്യമാണ്.

ധനം അനുഗ്രഹത്തിന്റെ അടയാളമായി കരുതിയിരുന്ന ശിഷ്യന്മാർക്ക് ഈ പ്രസ്താവന വിചിത്രമായി തോന്നിയിരിക്കണം. ദൈവ രാജ്യത്തിൽ പ്രവേശിക്കുന്നതിന് ഭൗതിക നേട്ടങ്ങളോ, സ്ഥാനമാനങ്ങളോ ആരെയും അർഹനാക്കുകയില്ല. ദൈവരാജ്യം ദൈവത്തിന്റെ ദാനമാണ്. ശിഷ്യ സമൂഹത്തിന്റെ വക്താവെന്ന നിലയിൽ പത്രോസ് ചോദിക്കുന്നു; യേശുവിന്റെ വെല്ലുവിളി സ്വീകരിച്ച് സകലവും ഉപേക്ഷിച്ച് അദ്ദേഹത്തെ പിൻപററിയ ശിഷ്യന്മാർക്ക് എന്തു പ്രതിഫലം ലഭിക്കും? അവരോട് യേശു വാഗ്ദാനം ചെയ്തു. പുതുയുഗത്തിൽ അവർ യേശുവിനോടൊന്നിച്ച് മഹത്വവും അധികാരവും പ്രാപിക്കും. അവർ മാത്രമല്ല യേശുവിനുവേണ്ടി ത്യാഗം അനുഷ്ഠിക്കുന്ന ഏതൊരുവനും വരുവാനിരിക്കുന്ന രാജ്യത്തിൽ അധികമടങ്ങ് പ്രതിഫലം ലഭിക്കും.

ഈ പശ്ചാത്തലത്തിൽ ഓരോ ഓർത്തഡോക്സുകാരനും ഓർത്തഡോക്സുകാരിയും അവരുടെ പ്രായോഗിക ജീവിതത്തെ ഒന്ന് വിലയിരുത്തുന്നതുത്തമമായിരിക്കും. നാം സഭയുടെ സാമൂഹ്യ ബന്ധത്തെ ബാധിക്കുന്ന കല്പനകൾ മാത്രം പാലിച്ചാൽ പോരാ. ദൈവത്തോടുള്ള ബന്ധത്തെ ഉൾക്കൊള്ളുന്നവയും പാലിക്കപ്പെടണം. ഇന്നത്തെ ക്രിസ്ത്യാനിയുടെ പോക്ക് ഇവയ്ക്ക് കടക വിരുദ്ധമാണ്. അതിന്റെ ഫലമോ നമുക്ക് നിത്യ ജീവൻ നഷ്ടപ്പെടുകയായിരിക്കും. ഒരുവൻ സർവ്വലോകവും നേടിയാലും അവന്റെ നിത്യതയെ നഷ്ടമാക്കുന്നുവെങ്കിൽ അവന്റെ ജീവിതം കൊണ്ട് ഒരു പ്രയോജനവുമില്ല. നമ്മുടെ ജീവിതം പ്രയോജന രഹിതമായി തീരാതിരിക്കാനായി നമുക്ക് പ്രവർത്തിക്കാം.

പ്രാർത്ഥിക്കാം.



# ഭദ്രാസനവാർത്തകൾ

## ഒ.വി.ബി.എസ് ചെങ്ങന്നൂർ ഭദ്രാസനം

നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി ശോഭനമാക്കുവാൻ ആഗ്രഹിക്കുന്ന നാം അവരുടെ ധാർമ്മികവും ആത്മീകവുമായ വളർച്ചയ്ക്കുതകുന്ന സണ്ടേസ്കൂൾ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കളുടെ പ്രചോദനവും പിന്തുണയുമുണ്ടെങ്കിൽ മാത്രമെ ഇതു വിജയിക്കുകയുള്ളു.

സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ഘടകമായി പ്രവർത്തിക്കുന്ന ഒ.വി ബി.എസ്. ഇന്നു വ്യാപകമായ നിലയിൽ വളർന്നു കഴിഞ്ഞു. കുട്ടികളുടെ സ്വഭാവ രൂപവൽക്കരണത്തിനും ആത്മീയ വളർച്ചയ്ക്കും, സാമൂഹിക പ്രതിബന്ധതയ്ക്കും, വ്യക്തിത്വ വികാസത്തിനും ആക്കം കൂട്ടുവാൻ ഈ പ്രസ്ഥാനത്തിന് കഴിയുന്നുണ്ട്. അത്യന്തം പ്രയോജനപ്രദമായ ഈ പരിപാടി നമ്മുടെ സഭയിലെ മിക്കവാറും എല്ലാ ഇടവകകളിലും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

സണ്ടേസ്കൂൾ പ്രവർത്തനരംഗത്ത് ചെങ്ങന്നൂർ ഭദ്രാസനം മററു ഭദ്രാസനങ്ങൾക്ക് ഒരു മാതൃകയായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഒ വി.ബി.എസ്. നടത്തിപ്പിന്റെ കാര്യത്തിലും നമ്മുടെ ഭദ്രാസനം മുൻ പന്തിയിലാണ്. ഭദ്രാസനത്തിൽ 1995 ഏപ്രിൽ 17 തിങ്കളാഴ്ച മുതൽ മെയ് 14 ഞായറാഴ്ചവരെ 39 യൂണിററുകൾ പ്രവർത്തിച്ചു.

ചെങ്ങന്നൂർ ഭദ്രാസനത്തിലെ 5 ഡിസ്ട്രിക്ററുകളിലായി പ്രവർത്തിച്ച യൂണിററുകളിൽ 4700 കുട്ടികളും 550 അദ്ധ്യാപകരും 60 സംഗീത അദ്ധ്യാപകരും 200 മററു പ്രവർത്തകരും പങ്കെടുത്തു. 29 യൂണിററുകളിൽ ഭദ്രാസന ഡയറക്ടർ സന്ദർശനം നടത്തി. എല്ലാ യൂണിററുകളും ഒ.വി ബി.എസിന്റെ നിയമങ്ങൾക്കു വിധേയമായിട്ടാണ് പ്രവർത്തിച്ചത്. ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സാന്നിദ്ധ്യം യൂണിററുകൾക്ക് അനുഗ്രഹപ്രദമായിരുന്നു.

ബഹുമാനപെട്ട വൈദികരുടെ നേതൃത്വം യൂണിററുകളെ ധന്യമാക്കി. കേന്ദ്ര നിർദ്ദേശാനുസരണം ഭദ്രാസന കേന്ദ്രത്തിൽ വച്ച് ഗാന പരിശീലന ക്ലാസ്സുകൾ നടത്തപ്പെട്ടു. 1995 ലെ ഒ വി.ബി.എസിന്റെ മുഖ്യചിന്താ വിഷയമായ ''ആത്മാവിൽ ബലപ്പെടുവീൻ'' എന്ന വാക്യത്തെ ആസ്പദമാക്കി നടത്തപ്പെട്ട ധ്യാനപ്രസംഗങ്ങൾ കുട്ടികൾക്ക് അറിവുപകരുന്നവയായിരുന്നു. വിവിധ ഭാഷകളിലുള്ള ഗാനങ്ങൾ ശ്രുതി മധുരങ്ങളായിരുന്നു.

സണ്ടേസ്കൂൾ പ്രവർത്തകരുടെയും മററ് ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരുടെയും യൂണിററു സന്ദർശനം പ്രോത്സാഹജനകമായിരുന്നു. മുൻപതിവുപോലെ എല്ലാ ദിവസവും വിശ്രമ സമയത്ത് ലഘുഭക്ഷണം എല്ലാ യൂണിററുകളിലും നൽകിയിരുന്നു. ഉദ്ഘാടന സമ്മേളനം, സമാപന റാലി, സമാപന സമ്മേളനം മുതലായവ മികവുററതാക്കുവാൻ ഏവരും പരിശ്രമിക്കുകയുണ്ടായി.

കുട്ടികളുടെ അവധിക്കാല ബൈബിൾ ക്ലാസ്സുകൾ മേലിലും നല്ലനിലയിൽ നടത്തുവാൻ ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ററി. ഇ ജോസഫ്
(ചെങ്ങന്നൂർ ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ററർ)

## ഏകദിന സമ്മേളനം

ചെങ്ങന്നൂർ ഭദ്രാസനത്തിലെ മർത്തമറിയം സമാജം, ബാലികാ സമാജം എന്നിവയുടെ സെക്രട്ടറിമാരുടെയും പ്രതിനിധികളുടെയും ഏകോപിച്ചുള്ള ഏകദിന സമ്മേളനം ഇടവങ്കാട് സെൻറ് മേരീസ് പള്ളിയിൽ നടത്തപ്പെട്ടു.

ഇടവക വികാരി റവ ഫാ ജോസ് തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രാരംഭ സമ്മേളനത്തിൽ റവ ഫാ ജോൺ തോമസ് കരിങ്ങാട്ടിൽ ഫിലിപ്യലേഖനത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. ദിവ്യബോധനം സെൻട്രൽ ഓർഗനൈസർ ശ്രീ. സി. എം. തങ്കച്ചൻ ആശംസാ പ്രസംഗം നടത്തി. മർത്തമറിയം ഭദ്രാസന സെക്രട്ടറി ശ്രീമതി മറിയാമ്മ ചാക്കോ സ്വാഗതവും ബാലികാ സമാജം ഭദ്രാസന സെക്രട്ടറി ശ്രീമതി അന്നമ്മ ജോസഫ് കൃതജ്ഞതയും പറഞ്ഞു.

ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ റവ. ഫാ. മാത്യു വർഗീസ്, റവ ഫാ കുര്യൻ ജോസഫ്, ശ്രീ. ററി. ഇ. ജോസഫ്, ശ്രീമതി മറിയാമ്മ ശാമുവേൽ എന്നിവർ പ്രസംഗിച്ചു. ഇടവക വികാരി റവ ഫാ ജോസ് തോമസ് സ്വാഗതവും ഇടവങ്കാട് ഡി. സെക്രട്ടറി ശ്രീമതി കെ. ജി. സാറാമ്മ കൃതജ്ഞതയും പറഞ്ഞു. ശ്രീ. രാജൻ ജോർജിന്റെ ഗാനപരിശീലനവും ജയ പി. ജി. യുടെ ഗാനാലാപനവും ചടങ്ങിന്റെ മാററു വർദ്ധിപ്പിച്ചു.

## ഒന്നാം സ്ഥാനം ലഭിച്ചു

അഖില മലങ്കരാടിസ്ഥാനത്തിൽ ചന്ദനപള്ളി പള്ളിയിൽ വച്ചു നടത്തിയ കെ. ഡേവിഡ് കോർഎപ്പിസ്കോപ്പാ മെമ്മോറിയൽ പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം മെഴുവേലി ഹോളി ഇന്നസെൻറ് ഇടവകാംഗമായ കുമാരി ഗ്ലൻ പ്രീയ ജോണിനു ലഭിച്ചു. കുമാരി ഗ്ലൻ പ്രീയ ജോണിനെ 25-6-95 ൽ വി. കുർബ്ബാന മദ്ധ്യേ ഇടവക വികാരി അഭിനന്ദിച്ചു പ്രസംഗിക്കുകയും അനുമോദിക്കുകയും ചെയ്തു.



## ഇസബെൽ

പി. എം. ചാക്കോ. കിടങ്ങന്നൂർ

ദൈവത്തിന്റെ എഴുതപ്പെട്ട വചനമാകുന്ന വി. വേദപുസ്തകത്തിൽ അനേകം സ്ത്രീകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. പേരറിയാൻ പാടില്ലാത്ത പലരുടെയും വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. നോഹയുടെ ഭാര്യ ലോത്തിന്റെ ഭാര്യ. ഇയ്യോബിന്റെ ഭാര്യ, പീലാത്തോസിന്റെ ഭാര്യ, അങ്ങനെ അനേകരുടെ വിവരം ഈ ഗ്രന്ഥത്തിൽ കണാം. ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ വച്ച് ഏററവും നീചയായ സ്ത്രീയാണ് ഇസബേൽ. ഇസബേലിന്റെ ജീവിതരീതി. ലക്ഷ്യ ഒരു എത്തിനോട്ടമാണ് ഈ ചെറുലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

സൗന്ദര്യം, ബുദ്ധി ശക്തി ധൈര്യം എന്നിവയാൽ അനുഗ്രഹീതയായിരുന്നു ഇവർ. ആരെയും തന്റെ ചൊൽപ്പടിയിൽ നിർത്തുവാനുള്ള ആജ്ഞാ ശക്തി ഇവർക്കുണ്ടായിരുന്നു. സീദോന്യ രാജാവായിരുന്ന എത്ത് ബാലിന്റെ മകളായിരുന്നു. ഇവൾ. രാജകുമാരിയായി പിറന്ന് രാജകൊട്ടാരത്തിൽ വളർന്ന ഇവൾ ആ കാലത്ത് ലഭിക്കാമയിരുന്ന ഇന്നത

---

## ശെമ്മാശ് പട്ടം നൽകി

മെഴുവേലി : മദ്ധ്യപ്രദേശിലെ ഇററാർസിക്കടുത്തുള്ള മക്കോഡിയിൽ ആദിവാസികളുടെ ഇടയിൽ സുവിശേഷ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ശ്രീ. പാപ്പച്ചൻ ആലക്കോടിനെ 19-6-95 രാവിലെ കൽക്കട്ടാ ഭദ്രാസനാധിപൻ സ്തേഫാനോസ് മാർ തേവേദിയോസ് തിരുമേനി ബിലായിൽ ഉള്ള അരമനപ്പള്ളിയിൽ വച്ച് ശെമ്മാശ് പട്ടം നൽകി. മെഴുവേലി ഹോളി ഇന്നസെൻറ് ഇടവകാംഗമായ അദ്ദേഹം അമേരിക്കയിലെ തന്റെ ജോലി ഉപേക്ഷിച്ച് 'മക്കദോന്യൻവിളി' സ്വീകരിച്ച് കഴിഞ്ഞ രണ്ടു വർഷമായി മക്കോഡിയായിലെ ആദിവാസികളുടെ ഇടയിൽ മിഷ്യനറി പ്രവർത്തനം നടത്തിവരികയായിരുന്നു.

### അനുമോദനം

മെഴുവേലി പള്ളിയിൽ വച്ച് ബ. ഇടവക വികാരി വന്ദ്യദിവ്യ ശ്രീ. എം. ജി. ഏബ്രഹാം കോർഎപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദന സമ്മേളനത്തിൽ ഇടവക ട്രസ്ററി ശ്രീ. പി. സി. ചാക്കോയും മാനേജിംഗ് കമ്മററി മെംബർ എ. ററി. വർഗീസും അഭിനവ ശെമ്മാശന് ഹാരാർപ്പണം നടത്തി. ശ്രീ. പി. എസ്. തോമസ്, പി. പി. മാത്യു. ഇടവക സെക്രട്ടറി ററാം മാത്യു ഇവർ അനുമോദന പ്രസംഗങ്ങൾ നടത്തി. Dn. പാപ്പച്ചൻ ആലക്കോട്ട് മക്കദ്യോന്യായിലെ തന്റെ പ്രവർത്തനങ്ങളെ വിശദീകരിച്ച് മറുപടി പ്രസംഗം നടത്തി.

വിദ്യാഭ്യാസം നേടിയവളും ആയിരുന്നു. യിസ്രായേൽ രാജാവായിരുന്ന ഒമ്രിയുടെ മകൻ ആഹാബ് രാജകുമാരൻ ഇവളെ വിവാഹം കഴിച്ചു. അങ്ങനെ അവൾ സീദോനിൽ നിന്നും യിസ്രായേൽ തലസ്ഥാനമായ ശമര്യയിൽ വന്നു ചേർന്നു. അവൾ തന്റെ ആരാധനാ മൂർത്തിയായ ബാലിന്റെ വിഗ്രഹവും പുരോഹിതന്മാരെയും ശമര്യയിൽ കൊണ്ടുവന്നു. ബാൽ ആരാധന യിസ്രായേലിൽ പ്രചരിപ്പിക്കുകയും ബാലിന്റെ ധാരാളം ക്ഷേത്രങ്ങൾ പണികഴിപ്പിക്കുകയും ചെയ്തു.

പന്ത്രണ്ടു വർഷത്തെ ഭരണത്തിനു ശേഷം ഒമ്രി മരിക്കുകയും അവന്റെ പുത്രൻ ആഹാബ് ഭീരുവും സാധുവും ദൈവഭയം ഉള്ളവനും ആയിരുന്നു. എന്നാൽ അവന് ദൈവത്തേക്കാൾ കൂടുതൽ ഭയം തന്റെ ഭാര്യയോടായിരുന്നു. അവനെ നിയന്ത്രിച്ചിരുന്നത് ഇസബേലായിരുന്നു. രാജ്യത്തെ ദൈനം ദിനകാര്യങ്ങൾ നിയന്ത്രിച്ചിരുന്നതും അവൾ തന്നെ ആയിരുന്നു. ഇസ്രായേലിനെ ഭരിക്കുവാൻ തന്റെ വരുതിയിൽ നിർത്തുവാൻ അവൾ മോശയുടെ ന്യായപ്രമാണവും പഠിച്ചിരുന്നു.

ആഹാബിന്റെ ഭരണകാലത്ത് ഇസബേലിന്റെ പ്രേരണയാൽ ബാൽ ആരാധന ശമര്യയിൽ സാർവ്വത്രികമായി. ഈക്കാലത്ത് ജീവിച്ചിരുന്ന പ്രവാചകനാണ് ഏലിയാ. തിശ്ബ്യനായ ഏലിയാ പ്രവാചകൻ ഒരു ദിവസം ആഹാബിന്റെ കൊട്ടാരത്തിൽ എത്തി ആഹാബിനോട് 'ഞാൻ സേവിച്ചു നിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണെ ഞാൻ പറഞ്ഞിട്ടല്ലാതെ ഈ ആണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകുകയില്ല' എന്നു പറഞ്ഞു. അതുപോലെ സംഭവിച്ചു. ഏതാണ്ട് മൂന്നു വർഷത്തോളം മഴപെയ്തില്ല. നാട്ടിൽ വലിയ ക്ഷാമം ഉണ്ടായി. മനുഷ്യരും മൃഗങ്ങളും പട്ടിണിയിൽ ആയി.

ഒടുവിൽ ഏലീയാ ആഹാബിന്റെ അടുത്തെത്തി ബാലിന്റെ പ്രവാചകന്മാരെ കർമ്മേലിൽ കൂട്ടിവരുത്തുന്നതിനും അവിടെ വച്ച് ഒരു പരീക്ഷണം നടത്തുന്നതിനും ആവശ്യപ്പെട്ടു. അവിടെ വച്ചു നടത്തിയ യാഗത്തിൽ ആകാശത്തിൽ നിന്നും തീ ഇറങ്ങി ഏലിയാവിന്റെ യാഗവസ്തുവിനെ ദഹിപ്പിച്ചു. തുടർന്ന് വർദ്ധിതവീര്യനായ ഏലിയാവ് ഉഗ്രകോപത്തോടുകൂടി എഴുന്നേററ് ബാലിന്റെ നാനൂററി അൻപത് പുരോഹിതന്മാരെ വെട്ടിക്കൊന്നു. ഇതു കണ്ട് ആഹാബ് ഭയന്നു വിറച്ചുപോയി. പക്ഷെ വിവരം ഇസബേലിന്റെ കാതുകളിൽ എത്തിയപ്പോൾ അവൾ ആഹാബിനെപ്പോലെ ഭീരു ആകാതെ അവസരത്തിനൊത്ത് ഉയർന്നു ഒരു ദൂതൻ മുഖേന ഏലിയാവിനെ അറിയിച്ചത് 'നാളെ ഈ നേരത്ത് നിന്റെ ജീവനും അവരിൽ ഒരാളെപ്പോലെ

(തുടരും)





# ബാലപത്രിക

**ആനി ജേക്കബ് ചാരുനിൽക്കുന്നതിൽ**

സ്നേഹമുള്ള കൂട്ടുകാരെ,

ജീവിതത്തിൽ പലപ്പോഴും നമ്മെ മാടിവിളിക്കുന്ന സുഖ സൗഭാഗ്യങ്ങൾ അപകടത്തിന്റെ മുന്നോടിയാകാറുണ്ട്.

വളരെ മനോഹരമായ ഒരു പച്ചക്കറിത്തോട്ടം ആരെയും ആകർഷിച്ചുകൊണ്ട് നിലനിന്നിരുന്നു. ചുററുമുള്ള വേലികളിൽ പയറുവള്ളികൾ പൂത്തുനിൽപ്പുണ്ടായിരുന്നു. ഒരു പററം കുരുവികൾ എന്നും അതിൽ തത്തിക്കളിച്ചും പൂന്തേൻ നുകർന്നും അവിടെ പറന്നു നടന്നു. അന്തിമയങ്ങുമ്പോൾ അവ ചേക്കേറുന്നതും അവിടെത്തന്നെ.

ഒരിക്കൽ ഒരു കുഞ്ഞിക്കുരുവി സന്തോഷത്തോടെ അവിടെ പറന്നെത്തി. പൂക്കളിലെ തേനും ശീതളച്ഛായയും അവനു സുഖമായി. അവിടെയിരുന്ന് സുഖമായി ഉറങ്ങി. ഉറക്കമുണർന്ന് പറക്കാൻ ശ്രമിച്ചപ്പോൾ കാലുകൾ പയറിന്റെ ചുററുവള്ളികളിൽ കുരുങ്ങിക്കിടന്നു. കുഞ്ഞിക്കുരുവിക്ക് പറക്കുവാൻ കഴിഞ്ഞില്ല. ആരും സഹായത്തിന് എത്തിയതുമില്ല. രണ്ടു ദിവസം തൂങ്ങിക്കിടന്ന് അത് ചത്തു നിശ്ചലമായി.

ഏതാണ്ട് ഇതുപോലെയാണ് നമുക്കും സംഭവിക്കുന്നത്. പൂന്തേനും വള്ളിപ്പടർപ്പും ആകർഷിച്ചപ്പോൾ കുരുവി മരണം പതിയിരിക്കുന്നത് കണ്ടില്ല അതുപോലെ ചീത്തകുട്ടികളുമായി കൂട്ടുകൂടുമ്പോൾ അച്ഛനമ്മമാരോട് കള്ളം പറഞ്ഞ് പൈസാ വാങ്ങുമ്പോൾ കടകളിൽ നിന്നും മിഠായി കട്ടെടുക്കുമ്പോൾ മനസ്സിനെ മലിനമാക്കുന്ന മാസികകൾ വായിച്ചുരസിക്കുമ്പോൾ അവയിൽ പതിയിരിക്കുന്ന അപകടം നാം കാണാറില്ല പലപ്പോഴും തിന്മ നമുക്കു താൽക്കാലിക സന്തോഷം തന്നേക്കാം. പക്ഷേ അതിന്റെ അന്തം വിനാശമാണ്.

കൂട്ടുകാർ എപ്പോഴും നല്ലവഴികൾ മാത്രമേ തെരഞ്ഞെടുക്കാവൂ. യേശുനാഥന്റെ പൂന്തോട്ടത്തിലെ തേൻ നുകർന്നു ജീവിച്ചാൽ അപകടമില്ലാതെ മുന്നോട്ടുപോകാം.

സ്നേഹപൂർവ്വം ആനിച്ചേച്ചി

Regd. No R. N. 44684/87 Regd. No. G/KL/TLA. 71

# BETHEL PATHRIKA

കുട്ടിക്കവിത

## ഹൃദയം

### ചാണ്ടപ്പിള്ള പി. സാം

ചിത്തമൊരുത്തമ ദേവാലയം
പാവന പൂജിത ദേവാലയം
ദൈവം വസിക്കുന്ന ദേവാലയം
നമ്മുടെയുള്ളിലെ ദേവാലയം
ദേവാലയം പണിയുന്ന നമ്മൾ
ദൈവത്തെയുള്ളത്തിലുൾക്കൊള്ളുന്നോ
ചിത്തം വെടിപ്പാക്കിക്കർത്തനെന്നും
വാസം ചെയ്യാൻ മനം വെണ്മയാക്കാം
ഹൃത്തിലുയർന്നിടും ചാപല്യങ്ങൾ
ദുഷ്ടത ദുർമോഹം ചതിവും വമ്പും
പൊളി വചനങ്ങളും നിശ്ചയമായ്
ഹൃത്തിൽ നിന്നീശനെ ദൂരത്താക്കും
ചിത്തത്തിലീശനെ ഉൾക്കൊള്ളുവാൻ
നന്മയിൽ ജീവിച്ചു മുന്നേറണം
സ്നേഹത്തിൽ സത്യത്തിൽ ജീവിക്കണം
പ്രാർത്ഥിച്ചു നിഷ്ഠയിൽ ശോഭിക്കണം.

## ശിലാസ്ഥാപനം

കുടശ്ശനാട് സെ. സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്ര ലിനുവേണ്ടി ഹരിമംഗലത്ത് ശ്രീ. മാത്തുക്കുട്ടി സംഭാവന ചെയ്ത സ്ഥലത്ത് പരിശുദ്ധ പൗലോസ് ശ്ലീഹായുടെ നാമത്തിൽ പണിയു വാൻ ആഗ്രഹിക്കുന്ന കുരിശിൻ സൗധത്തിന് ഇടവക വികാരി ഫാദർ മാത്യു വർഗീസ് ജൂൺ 29 ന് ശിലാസ്ഥാനം നടത്തി.

## ത്രൈമാസ സമ്മേളനം

കുടശ്ശനാട് : 1995-96 പ്രവർത്തന വർഷത്തെ പ്രഥമ ത്രൈമാസ സമ്മേളനം ജൂലൈ 2-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് സെ. സ്റ്റീഫൻസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. ഫാദർ ജോൺ തോമസ് കരിങ്ങാട്ടിൽ ''ആശയ വിനിമയം കുടുംബ ജീവിതത്തിൽ'' എന്ന വിഷയത്തെ അധികരിച്ചു ക്ലാസ്സെടുത്തു. ഏകദേശം 400 പേർ സംബന്ധിച്ചു. അടുത്ത സമ്മേളനം സെപ്റ്റംബർ 24-ാം തീയതി ആയിരിക്കുമെന്ന് കൗൺസിൽ സെക്രട്ടറി ശ്രീ. കെ. വി. ശമുവേൽ അറിയിച്ചു.

Printed and published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George